കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# THE SUPPRESSION OF IMMORAL TRAFFIC IN WOMEN AND GIRLS ACT, 1956

(Act No. 104 of 1956)

# സ്ത്രീകളിലും പെൺകുട്ടികളിലുമുള്ള വ്യഭിചാരവ്യാപാരം തടയൽ ആക്റ്റ്, 1956

(1956-ലെ 104-ാം നമ്പർ ആക്റ്റ്)

വില Rs 4-39

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്
1983

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# THE SUPPRESSION OF IMMORAL TRAFFIC IN WOMEN AND GIRLS ACT, 1956

(Act No. 104 of 1956)

# സ്ത്രീകളിലും പെൺകുട്ടികളിലുമുള്ള വ്യഭിചാരവ്യാപാരം തടയൽ ആക്റ്റ്, 1956

(1956-ലെ 104-ാം നമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1983

4-30

© കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# സ്ത്രീകളിലും പെൺകുട്ടികളിലുമുള്ള വ്യഭിചാരവ്യാപാരം തടയൽ ആക്റ്റ്, 1956

(1956-ലെ 104)

## വകുപ്പുകളുടെ വിന്യാസം.

വകുപ്പുകൾ.—


1 ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.

2 നിർവ്വചനങ്ങൾ

2 ക. ജമ്മു കാശ്മീരിൽ വ്യാപിക്കാത്ത അധിനിയമങ്ങൾ സംബന്ധിച്ച് അർത്ഥകല്പനയ്ക്കുള്ള ചട്ടം.

3 ഒരു വേശ്യാലയം നടത്തുന്നതിനോ പരിസരങ്ങൾ വേശ്യാലയമായി ഉപയോഗിക്കുന്നതിന് അനുവദിക്കുന്നതിനോ ഉള്ള ശിക്ഷ.

4 വ്യഭിചാരത്തിൽ നിന്നുള്ള വരവിൻമേൽ ജീവിക്കുന്നതിനുള്ള ശിക്ഷ.

5 വേശ്യാവൃത്തിക്കുവേണ്ടി സ്ത്രീയേയോ പെൺകുട്ടിയേയോ കൂട്ടികൊടുക്കുകയോ, പ്രേരിപ്പിക്കുകയോ കൊണ്ടുപോകുകയോ.

6 വേശ്യാവൃത്തി നടത്തികൊണ്ടിരിക്കുന്ന പരിസരങ്ങളിൽ ഒരു സ്ത്രീയേയോ പെൺകുട്ടിയേയോ തടങ്കലിൽ വയ്ക്കൽ.

7 പൊതുസ്ഥലങ്ങളിലോ അവയുടെ സമീപത്തോ ഉള്ള വേശ്യാവൃത്തി.

8 വേശ്യാവൃത്തിയുടെ ആവശ്യത്തിന് പ്രലോഭിപ്പിക്കുകയോ ക്ഷണിക്കുകയോ ചെയ്യുന്നത്.

9 സൂക്ഷിപ്പിലുള്ള സ്ത്രീയേയോ പെൺകുട്ടിയേയോ പ്രലോഭിപ്പിക്കൽ.

10 നല്ലനടത്തയ്ക്കുള്ള പരീക്ഷണകാലത്തിൻമേലോ വേണ്ടത്ര താക്കീതു നല്കിയശേഷമോ വിട്ടയക്കൽ.

10 ക. ദുർഗുണ പരിഹാരസ്ഥാപനത്തിൽ തടങ്കലിൽ വയ്ക്കൽ.

11 മുൻപ് കുററസ്ഥാപനം ചെയ്യപ്പെട്ട കുററവാളികളുടെ മേൽവിലാസം സംബന്ധിച്ച വിജ്ഞാപനം.

12 പതിവ് കുററവാളികളിൽ നിന്ന് നല്ലനടത്തയ്ക്കുള്ള ജാമ്യം

13 പ്രത്യേക പോലീസ് ഉദ്യോഗസ്ഥനും ഉപദേശക നികായവും.

14 നടപടിയെടുക്കേണ്ട കുററങ്ങൾ.

15 വാറണ്ടുകൂടാതെയുള്ള ശോധന.

16 സ്ത്രീയേയോ പെൺകുട്ടിയോ രക്ഷപ്പെടുത്തൽ.

17 15-ാം വകുപ്പിൻ കീഴിൽ നീക്കം ചെയ്തതോ 16-ാം വകുപ്പിൻ കീഴിൽ രക്ഷപ്പെടുത്തിയതോ ആയ സ്ത്രീകളേയും പെൺകുട്ടികളേയും ഇടവേളയിൽ സൂക്ഷിക്കൽ.

18 വേശ്യാലയം അടച്ചുപൂട്ടുന്നതും ആ പരിസരങ്ങളിൽ നിന്ന് കുററക്കാരെ ഒഴിപ്പിക്കുന്നതും.

19 ഒരു സംരക്ഷണാലയത്തിൽ സൂക്ഷിക്കുന്നതിനോ കോടതി രക്ഷയും സംരക്ഷണവും നല്കുന്നതിനോ ഉള്ള അപേക്ഷ.

20 ഏതെങ്കിലും സ്ഥലത്തുനിന്ന് വേശ്യയെ നീക്കം ചെയ്യൽ.

21 സംരക്ഷണാലയങ്ങൾ.

22 വിചാരണകൾ.

22 ക. പ്രത്യേക കോടതികൾ സ്ഥാപിക്കാനുള്ള അധികാരം.

22 ഖ. കേസുകൾ സമരിയായി വിചാരണ ചെയ്യുന്നതിന് കോടതിക്കുള്ള അധികാരം.

23 ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.

24 ഈ ആക്റ്റ് മററു ചില ആക്റ്റുകൾക്കു ന്യൂനത വരുത്തുന്നതല്ലെന്ന്.

25 റദ്ദാക്കലും ഒഴിവാക്കലുകളും

# സ്ത്രീകളിലും പെൺകുട്ടികളിലുമുള്ള വ്യഭിചാരവ്യാപാരം തടയൽ ആക്റ്റ്, 1956 (1956-ലെ 104)

[1956 ഡിസംബർ 30-ം തീയതി]

സ്ത്രീകളിലും പെൺകുട്ടികളിലുമുള്ള വ്യഭിചാരവ്യാപാരം തടയുന്നതിന് 1950 മേയ് 9-ം തീയതി ന്യൂയോർക്കിൽ വച്ച് ഒപ്പുവച്ച അന്താരാഷ്ട്ര ഉടമ്പടിക്കനുസൃതമായി വ്യവസ്ഥ ചെയ്യുന്നതിനുള്ള ആക്റ്റ്.

ഇൻഡ്യാ റിപ്പബ്ലിക്കിന്റെ ഏഴാം സംവത്സരത്തിൽ താഴെ പറയും പ്രകാരം പാർലമെന്റ് അധിനിയമം ചെയ്തിരിക്കുന്നു.

1. (1) ഈ ആക്റ്റിന്, സ്ത്രീകളിലും പെൺകുട്ടികളിലുമുള്ള വ്യഭിചാര വ്യാപാരം തടയൽ ആക്റ്റ്, 1956 എന്ന് പേർപറയാവുന്നതാണ്. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.

(2) ഇത് ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നു.

(3) ഈ വകുപ്പ് ഉടൻ പ്രാബല്യത്തിൽ വരുന്നതും ; ഈ ആക്റ്റിലുള്ള ശേഷിക്കുന്ന വ്യവസ്ഥകൾ, കേന്ദ്രഗവൺമെന്റ് ഔദ്യോഗിക ഗസറ്റിൽ, വിജ്ഞാപനം വഴി നിശ്ചയിക്കാവുന്ന തീയതി പ്രാബല്യത്തിൽ വരുന്നതുമാകുന്നു.

2. ഈ ആക്റ്റിന്, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,— നിർവ്വചനങ്ങൾ.

(ക) "വേശ്യാലയം" എന്നതിൽ മറ്റൊരാളിന്റെ ആദായത്തിനായോ അല്ലെങ്കിൽ രണ്ടോ അതിലധികമോ വേശ്യകൾക്ക് പരസ്പരമുള്ള ആദായത്തിനായോ വേശ്യാവൃത്തിയുടെ ആവശ്യങ്ങൾക്ക്. ഉപയോഗിക്കുന്ന ഏതെങ്കിലും വീടോ, മുറിയോ, വാഹനമോ, സ്ഥലമോ അല്ലെങ്കിൽ ഏതെങ്കിലും വീടിന്റേയോ, മുറിയുടേയോ വാഹനത്തിന്റേയോ സ്ഥലത്തിന്റേയോ ഏതെങ്കിലും ഭാഗമോ ഉൾപ്പെടുന്നു ;

(കക) "ദുർഗുണപരിഹാരസ്ഥാപനം" എന്നാൽ അതിന് എന്തു പേർ പറഞ്ഞാലും (21-ം വകുപ്പിൻകീഴിൽ ആ നിലയിൽ സ്ഥാപിച്ചതോ ലൈസൻസു നല്കിയതോ ആയ ഒരു സ്ഥാപനം ആയിരിക്കുന്നത്) അതിൽ ദുർഗുണപരിഹാരം ആവശ്യമുള്ള സ്ത്രീകളേയും പെൺകുട്ടികളേയും ഈ ആക്റ്റിൻ കീഴിൽ തടങ്കലിൽ വയ്ക്കാവുന്ന ഒരു സ്ഥാപനം എന്നർത്ഥമാകുന്നതും അതിൽ വിചാരണയിൽ കഴിയുന്ന സ്ത്രീകളെ ഈ ആക്റ്റ് അനുസരിച്ച് സൂക്ഷിക്കാവുന്ന ഒരു അഭയസ്ഥാനം ഉൾപ്പെടുന്നതുമാകുന്നു.

(ഖ) "പെൺകുട്ടി" എന്നാൽ ഇരുപത്തി ഒന്ന് വയസ്സ് തികയാത്ത സ്ത്രീ എന്നർത്ഥമാകുന്നു ;

(ഗ) "മജിസ്ട്രേറ്റ്" എന്നാൽ ഈ പദപ്രയോഗം കാണുന്നതും പട്ടികയിലെ ഒന്നാം കാളത്തിൽ വിനിർദ്ദേശിക്കുന്നതുമായ വകുപ്പു നല്കുന്ന അധികാരങ്ങൾ പ്രയോഗിക്കാൻ ക്ഷമതയുള്ളതായി പട്ടിക രണ്ടാം കാളത്തിൽ വിനിർദ്ദേശിക്കുന്ന മജിസ്ട്രേറ്റ് എന്നർത്ഥമാകുന്നു.

(ഘ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു.

(ങ) ..........................

(ച) "വേശ്യാവൃത്തി" എന്നാൽ പണമായോ ധാന്യമായോ ആയാലും അപ്പോൾ കൊടുക്കുകയോ മറ്റുവിധത്തിലോ ആയാലും കൂലിക്കുവേണ്ടി ഒരു സ്ത്രീ വ്യാമിശ്രമായ ലൈംഗികസംഭോഗത്തിന് അവളുടെ ശരീരം അർപ്പിക്കുന്ന പ്രവർത്തി എന്നർത്ഥമാകുന്നതും വേശ്യ എന്ന പദപ്രയോഗത്തിന് അതനുസരിച്ച് അർത്ഥം കല്പിക്കേണ്ടതുമാകുന്നു.

(ഛ) ''സംരക്ഷണാലയം'' എന്നാൽ അതിന് എന്തു പേർ പറഞ്ഞാലും, (21-ാം വകുപ്പിൻകീഴിൽ ആ നിലയിൽ സ്ഥാപിച്ചതോ ലൈസൻസ് നല്കിയതോ ആയ ഒരു സ്ഥാപനം ആയിരിക്കുന്നത്) സംരക്ഷണവും രക്ഷണവും ആവശ്യമുള്ള സ്ത്രീകളേയും പെൺകുട്ടികളേയും ഈ ആക്ററിൻ കീഴിൽ പാർപ്പിക്കാവുന്ന ഒരു സ്ഥാപനം എന്നർത്ഥമാകുന്നതും എന്നാൽ അതിൽ—

(i) വിചാരണയിൽ കഴിയുന്ന സ്ത്രീകളെ ഈ ആക്ററനുസരിച്ച് സൂക്ഷിക്കാവുന്ന ഒരു അഭയസ്ഥാനമോ ;

(ii) ഒരു ദുർഗുണപരിഹാരസ്ഥാപനമോ ; ഉൾപ്പെടുന്നതല്ലാത്തതും ആകുന്നു.

(ജ) ''പൊതുസ്ഥലം'' എന്നാൽ പൊതുജനങ്ങളുടെ ഉപയോഗത്തിന് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതോ അവർക്ക് പ്രാപ്യമായിട്ടുള്ളതോ ആയ ഏതെങ്കിലും സ്ഥലം എന്നർത്ഥമാകുന്നതും അതിൽ ഏതെങ്കിലും പൊതുവാഹനം ഉൾപ്പെടുന്നതും ആകുന്നു ;

(ഝ) ''പ്രത്യേക പോലീസ് ഉദ്യോഗസ്ഥൻ'' എന്നാൽ ഈ ആക്ററിന്റെ ആവശ്യത്തിന് ഒരു വിനിർദ്ദിഷ്ട പ്രദേശത്തിനകത്ത് പോലീസ് കർത്തവ്യങ്ങളുടെ ചാർജ്ജ്വഹിക്കാൻ സ്റേററുഗവൺമെൻേറാ ഗവൺമെൻറിനുവേണ്ടിയോ നിയമിച്ചിട്ടുള്ള പോലീസ് ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു.

(ഞ) ''സ്ത്രീ,' എന്നാൽ ഇരുപത്തൊന്ന്വയസ്സ് തികഞ്ഞിട്ടുള്ള സ്ത്രീ എന്നർത്ഥമാകുന്നു.

**ജമ്മുകാശ്മീരിൽ വ്യാപിക്കാത്ത അധിനിയമങ്ങൾ സംബന്ധിച്ച് അർത്ഥകല്പനയ്ക്കുള്ളചട്ടം.**

2 ക. ജമ്മുകാശ്മീർ സ്റേററിൽ പ്രാബല്യത്തിലില്ലാത്ത ഒരു നിയമം സംബന്ധിച്ച് ഈ ആക്ററിലുള്ള ഏതൊരു പരാമർശത്തേയും ആ സ്റേററ് സംബന്ധിച്ച്, ആ സ്റേററിൽ ഏതെങ്കിലും തൽസ്ഥാനീയ നിയമം പ്രാബല്യത്തിലുണ്ടെങ്കിൽ അത് സംബന്ധിച്ച പരാമർശമായി അർത്ഥം കല്പിക്കേണ്ടതാകുന്നു.

**ഒരു വേശ്യാലയം നടത്തുന്നതിനോ പരിസരങ്ങൾവേശ്യാലയമായി ഉപയോഗിക്കുന്നതിന് അനുവദിക്കുന്നതിനോ ഉള്ള ശിക്ഷ.**

3. (1) ഒരു വേശ്യാലയം നടത്തുകയോ പരിപാലിക്കുകയോ അല്ലെങ്കിൽ നടത്തുന്നതിനോ പരിപാലിക്കുന്നതിനോ പ്രവർത്തിക്കുകയോ സഹായിക്കുകയോ ചെയ്യുന്ന ഏതൊരാളും, ആദ്യത്തെ കുററസ്ഥാപനത്തിൻ മേൽ ഒരു വർഷത്തിൽ കുറയാതെയും മൂന്നുവർഷത്തിൽകവിയാതെയും ഉള്ള കാലത്തേയ്ക്ക് കഠിനതടവും രണ്ടായിരം രൂപയോളമാകാവുന്ന പിഴയും രണ്ടാമത്തതോ അതിനു ശേഷമുള്ളതോ ആയ കുററസ്ഥാപനസംഗതിയിൽ, രണ്ടുവർഷത്തിൽ കുറയാത്തതും അഞ്ചുവർഷത്തിൽ കവിയാത്തതുമായ കാലത്തേയ്ക്ക് കഠിനതടവും കൂടാതെ രണ്ടായിരം രൂപയോളമാകാവുന്ന പിഴയും നല്കി ശിക്ഷിക്കപ്പെടുന്നതാണ്.

(2) (ക). ഏതെങ്കിലും പരിസരങ്ങളുടെ കുടിയാനോ, പാട്ടക്കാരനോ, കൈവശക്കാരനോ ആല്ലെങ്കിൽ അതിന്റെ ചാർജ്ജുള്ള ആളോ ആയിരിക്കേ അങ്ങനെയുള്ള ഏതെങ്കിലും പരിസരങ്ങളോ അതിന്റെ ഏതെങ്കിലും ഭാഗമോ, ഒരു വേശ്യാലയമായി ഉപയോഗിക്കുകയോ, ഉപയോഗിക്കാൻ മറേറതെങ്കിലും ആളെ അറിഞ്ഞുകൊണ്ട് അനുവദിക്കുകയോ, അല്ലെങ്കിൽ

(ഖ) ഏതെങ്കിലും പരിസരങ്ങളുടെ ഉടമസ്ഥനോ, പാട്ടദായകനോ ജന്മിയോ അല്ലെങ്കിൽ അങ്ങനെയുള്ള ഉടമസ്ഥൻേറയോ പാട്ടദായകൻേറയോ ജന്മിയുടേയോ ഏജൻേറാ, ആയിരിക്കേ അതോ അതിന്റെ ഏതെങ്കിലും ഭാഗമോ ഒരു വേശ്യാലയമായി ഉപയോഗിക്കാൻ ഉദ്ദേശിക്കപ്പെടുന്നതാണെന്ന അറിവോടെ വാടകയ്ക്ക് കൊടുക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള പരിസരങ്ങളോ അതിന്റെ ഏതെങ്കിലും ഭാഗമോ ഒരു വേശ്യാലയമായി ഉപയോഗിക്കുന്നതിന് മനഃപൂർവ്വം ഒരു കക്ഷിയായിരിക്കുകയോ,

ചെയ്യുന്ന ഏതൊരാളും,

ആദ്യത്തെകുററസ്ഥാപനത്തിൻമേൽ രണ്ടുവർഷത്തോളമാകാവുന്ന കാലത്തേയ്ക്കുള്ള തടവും രണ്ടായിരം രൂപയോളമാകാവുന്ന പിഴയും, രണ്ടാമത്തതോ അതിനു ശേഷമുള്ളതോ ആയ കുററസ്ഥാപനസംഗതിയിൽ അഞ്ചുവർഷത്തോളമാകാവുന്ന കാലത്തേയ്ക്കുള്ള കഠിനതടവും കൂടാതെ പിഴയും, നല്കി ശിക്ഷിക്കപ്പെടുന്നതാണ്.

(3) തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിൽ എന്തു തന്നെ അടങ്ങിയിരുന്നാലും, (2)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിലോ (ഖ) ഖണ്ഡത്തിലോ പരാമർശിക്കുന്ന ഏതെങ്കിലും ആളെ ആ ഉപവകുപ്പിൻ കീഴിലുള്ള ഏതെങ്കിലും കുററത്തിന് ഏതെങ്കിലും പരിസരങ്ങളോ അതിന്റെ ഏതെങ്കിലും ഭാഗമോ സംബന്ധിച്ച് കുററംസ്ഥാപനം ചെയ്യുന്നതിന്മേൽ ആ കുററം ചെയ്യുന്ന സമയത്ത് അങ്ങനെയുള്ള പരിസരങ്ങൾ ഏതു പാട്ടത്തിൻേറയോ കരാറിൻേറയോ കീഴിലാണോ പാട്ടത്തിന് കൊടുക്കുകയോ കൈവശം വയ്ക്കുകയോ തൽക്കാലം കൈവശം വയ്ക്കുകയോ ചെയ്തിട്ടുള്ളത്, ആ പാട്ടമോ കരാറോ മുൻപറഞ്ഞ കുററസ്ഥാപനതീയതി മുതൽ പ്രഭാവത്തോടുകൂടി ശൂന്യവും പ്രവർത്തന രഹിതവുമായിത്തീരുന്നതാണ്.

വ്യഭിചാരത്തിൽനിന്നുള്ള വരവിൻമേൽ ജീവിക്കുന്നതിനുള്ള ശിക്ഷ.—

4. (1) ഒരു സ്ത്രീയുടേയോപെൺകുട്ടിയുടേയോ വ്യഭിചാരത്തിൽ നിന്നുള്ള വരവിന്മേൽ പൂർണ്ണമായോ ഭാഗികമായോ അറിഞ്ഞുകൊണ്ട് ജീവിക്കുന്ന പതിനെട്ടു വയസ്സിന് മേൽ പ്രായമുള്ള ഏതൊരാളും, രണ്ടുവർഷത്തോളമാകാവുന്ന കാലത്തേയ്ക്കുള്ള തടവോ ആയിരം രൂപയോളമാകാവുന്നപിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാണ്.

(2) പതിനെട്ടുവയസ്സിനുമേൽ പ്രായമുള്ള ഏതെങ്കിലും ആരം—

(ക) ഒരു വേശ്യയുമായി സഹവസിക്കുകയാണെന്നോ അല്ലെങ്കിൽ പതിവായി അവളുമായി സഹചരിക്കുകയാണെന്നോ ; അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള ആരം അവളെ വ്യഭിചാരത്തിന് സഹായിക്കുകയോ പ്രേരിപ്പിക്കുകയോ അല്ലെങ്കിൽ നിർബന്ധിക്കുകയോ ചെയ്യുന്നതായി കാണിക്കത്തക്ക രീതിയിൽ ഒരു വേശ്യയുടെ സഞ്ചാരത്തിൽ നിയന്ത്രണമോ, നിദേശമോ സ്വാധീനമോ പ്രയോഗിക്കുകയാണെന്നോ ; അല്ലെങ്കിൽ

(ഗ) ഒരു വേശ്യയുടെ ദല്ലാളായോ അവളെ കൂട്ടികൊടുക്കുന്നവനായോ പ്രവർത്തിക്കുകയാണെന്നോ, തെളിയിക്കുന്നിടത്ത്, വിപരീതമായി തെളിയിക്കപ്പെടുന്നതുവരെ, അങ്ങനെയുള്ള ആരം (1)-ാം ഉപവകുപ്പിന്റെ അർത്ഥത്തിൽ മററൊരാളുടെ വേശ്യാവൃത്തിയിൽനിന്നുള്ള വരവിന്മേൽ അറിഞ്ഞുകൊണ്ടു ജീവിക്കുന്നതായി അനുമാനിക്കേണ്ടതാണ്:

എന്നാൽ അങ്ങനെയുള്ള യാതൊരു അനുമാനവും, ഒരു വേശ്യയുടെ മകന്റേയോ മകളുടേയോ സംഗതിയിൽ, ആ മകനോ മകളോ പതിനെട്ടുവയസ്സിനു താഴെയാണെങ്കിൽ കൈക്കൊള്ളാൻ പാടുള്ളതല്ല.

വേശ്യാവൃത്തിക്കുവേണ്ടി സ്ത്രീയേയോ പെൺകുട്ടിയേയോ കൂട്ടികൊടുക്കുകയോ, പ്രേരിപ്പിക്കുകയോ കൊണ്ടുപോവുകയോ.

5. (1) (ക) ഒരു സ്ത്രീയേയോ പെൺകുട്ടിയേയോ, അവളുടെ സമ്മതത്തോടുകൂടിയോ അല്ലാതെയോ ആയാലും, വേശ്യാവൃത്തിയുടെ ആവശ്യത്തിന്, കൂട്ടികൊടുക്കുകയോ കൂട്ടിക്കൊടുക്കാൻ ശ്രമിക്കുകയോ, അല്ലെങ്കിൽ

(ഖ) ഒരു സ്ത്രീയേയോ പെൺകുട്ടിയേയോ വേശ്യാവൃത്തിയുടെ ആവശ്യത്തിന് ഒരു വേശ്യാലയത്തിലെ അന്തേവാസിയായിത്തീരുകയോ അല്ലെങ്കിൽ കൂടെക്കൂടെ അവിടം സന്ദർശിക്കുകയോ ചെയ്യണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഏതെങ്കിലും സ്ഥലത്തുനിന്ന് പോകാൻ പ്രേരിപ്പിക്കുകയോ ; അല്ലെങ്കിൽ

(ഗ) ഒരു സ്ത്രീയേയോ പെൺകുട്ടിയേയോവേശ്യാവൃത്തി നടത്തുന്നതിനോ അല്ലെങ്കിൽ നടത്താൻ വളർത്തികൊണ്ടുവരുന്നതിനോ ഉള്ള ലക്ഷ്യത്തോടെ ഒരു സ്ഥലത്തുനിന്നും മററൊരുസ്ഥലത്തേക്ക് കൊണ്ടുപോവുകയോ, കൊണ്ടുപോകാൻ ശ്രമിക്കുകയോ അല്ലെങ്കിൽ ഒരു സ്ത്രീയേയോ പെൺകുട്ടിയേയോ കൊണ്ടുപോകാൻ ഇടയാക്കുകയോ; അല്ലെങ്കിൽ

(ഘ) ഒരു സ്ത്രീയേയോ പെൺകുട്ടിയേയോ വേശ്യാവൃത്തി നടത്തുന്നതിന് ഇടയാക്കുകയോ പ്രേരിപ്പിക്കുകയോ,

ചെയ്യുന്ന ഏതൊരാളും—

ആദ്യത്തെ കുററസ്ഥാപനത്തിൻമേൽ ഒരു വർഷത്തിൽ കുറയാത്തതും രണ്ടു വർഷത്തിൽ കവിയാത്തതുമായ കാലത്തേക്കുള്ള കഠിനതടവും കൂടാതെ രണ്ടായിരം രൂപയോളമാകാവുന്ന പിഴയും നല്കി ശിക്ഷിക്കപ്പെടുന്നതാണ്.

(2) ഈ വകുപ്പിൻ കീഴിലുള്ള ഒരു കുററത്തിനുള്ള രണ്ടാമത്തതോ അതിനു ശേഷമുള്ളതോ ആയ കുററസ്ഥാപനത്തിന്റെ സംഗതിയിൽ, ഒരാരക്ക്, രണ്ടുവർഷത്തിൽ കുറയാത്തതും അഞ്ചുവർഷത്തിൽ കവിയാത്തതുമായ കാലത്തേക്കുള്ള കഠിന തടവും കൂടാതെ രണ്ടായിരം രൂപയോളമാകാവുന്ന പിഴയും നല്കി ശിക്ഷിക്കപ്പെടുന്നതാണ്.

(3) ഈ വകുപ്പിൻ കീഴിലുള്ള ഒരു കുററം—

(ക) ഒരു സ്ത്രീയേയോ പെൺകുട്ടിയേയോ കൂട്ടിക്കൊടുക്കുകയോ, പോകാൻ പ്രേരിപ്പിക്കുകയോ, കൊണ്ടുപോവുകയോ കൊണ്ടുപോകാൻ ഇടയാക്കുകയോ, അല്ലെങ്കിൽ അങ്ങനെയുള്ള സ്ത്രീയേയോ പെൺകുട്ടിയേയോ കൂട്ടിക്കൊടുക്കാനോ കൊണ്ടുപോകാനോ ശ്രമം നടത്തുകയോ ചെയ്യുന്നത് ഏതു സ്ഥലത്തുനിന്നാണോ ആ സ്ഥലത്തുവച്ചോ, അല്ലെങ്കിൽ

(ഖ) പ്രേരണയുടെ ഫലമായി അവരം പോയിരിക്കാവുന്നതോ, അല്ലെങ്കിൽ അവളെ കൊണ്ടുപോയതോ അല്ലെങ്കിൽ കൊണ്ടുപോകാൻ ഇടയാക്കിയതോ അല്ലെങ്കിൽ അവളെ കൊണ്ടുപോകാൻ ഒരു ശ്രമം നടത്തിയതോ ഏതു സ്ഥലത്തേക്കാണോ ആ സ്ഥലത്തുവച്ചോ, വിചാരണചെയ്യാവുന്നതാണ്.

3/1007/V.

**വേശ്യാവൃത്തി നടത്തി കൊണ്ടിരിക്കുന്ന പരിസരങ്ങളിൽ ഒരു സ്ത്രീയേയോ പെൺകുട്ടിയേയോ തടങ്കലിൽ വയ്ക്കൽ.**

6. (1) ഏതെങ്കിലും സ്ത്രീയേയോ പെൺകുട്ടിയേയോ, അവളുടെ സമ്മതത്തോടുകൂടിയോ അല്ലാതെയോ ആയാലും,—

(ക) ഒരു വേശ്യാലയത്തിലോ, അല്ലെങ്കിൽ

(ഖ) അവളുടെ നിയമാനുസൃത ഭർത്താവല്ലാത്ത ഏതെങ്കിലും പുരുഷനുമായി അവൾക്ക് ലൈംഗിക സംഭോഗം ഉണ്ടാകണമെന്നുള്ള ഉദ്ദേശത്തോടെ ഏതെങ്കിലും പരിസരങ്ങൾക്കകത്തോ പരിസരങ്ങളിലോ,—തടങ്കലിൽ വയ്ക്കുന്ന ഏതൊരാളും, ആദ്യത്തെ കുററസ്ഥാപനത്തിൻമേൽ ഒരു വർഷത്തിൽ കുറയാത്തതും രണ്ടുവർഷത്തിൽ കവിയാത്തതുമായ കാലത്തേക്കുള്ള കഠിനതടവും കൂടാതെ രണ്ടായിരം രൂപയോളമാകാവുന്ന പിഴയും നല്കി ശിക്ഷിക്കപ്പെടുന്നതാണ്.

(2) ഈ വകുപ്പിൻകീഴിലുള്ള ഒരു കുററത്തിന്, രണ്ടാമത്തതോ അതിനുശേഷമുള്ളതോ ആയ കുററസ്ഥാപനത്തിൻമേൽ ഒരാൾ രണ്ടുവർഷത്തിൽ കുറയാത്തതും അഞ്ചുവർഷത്തിൽ കവിയാത്തതുമായ കാലത്തേക്കുള്ള കഠിന തടവും കൂടാതെ രണ്ടായിരം രൂപയോളമാകാവുന്ന പിഴയും നല്കി ശിക്ഷിക്കപ്പെടുന്നതാണ്.

(3) ഒരാൾ,ഒരു സ്ത്രീയേയോ ഒരു പെൺകുട്ടിയേയോ വേശ്യാലയത്തിലോ ഏതെങ്കിലും പരിസരങ്ങൾക്കകത്തോ അല്ലെങ്കിൽ പരസരങ്ങളിലോ തങ്ങാൻ അവളെ നിർബന്ധിക്കുകയോ പ്രേരിപ്പിക്കുകയോ ചെയ്യണമെന്നുള്ള ഉദ്ദേശത്തോടെ

(ക) അവളുടെ വകയായ ഏതെങ്കിലും ആഭരണമോ, ഉടുതുണിയോ പണമോ അല്ലെങ്കിൽ മററു വസ്തുവോ അവൾക്ക് കൊടുക്കാതിരിക്കുകയോ, അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള ആളോ അയാളുടെ നിദേശത്താലോ അവൾക്ക് കടം കൊടുത്തതോ നൽകിയതോ ആയ ഏതെങ്കിലും ആഭരണമോ ഉടുതുണിയോ പണമോ, മററു വസ്തുവോ അവൾ കൂടെ കൊണ്ടുപോവുകയാണെങ്കിൽ നിയമാനുസൃത നടപടികൾ എടുക്കുമെന്ന് അവളെ ഭീഷണിപ്പെടുത്തുകയോ ചെയ്യുകയാണെങ്കിൽ, അവളുടെ നിയമാനുസൃത ഭർത്താവല്ലാത്ത ഒരു പുരുഷനുമായി ലൈംഗികസംഭോഗം നടത്തുന്ന ആവശ്യത്തിന് അവളെ അവിടെ തടങ്കലിൽ വയ്ക്കുന്നതായി അനുമാനിക്കപ്പെടുന്നതാണ്.

(4) വിപരീതമായി ഏതെങ്കിലും നിയമം ഉണ്ടായിരുന്നാലും, യാതൊരു വ്യവഹാരമോ പ്രാസിക്യൂഷനോ മററു നിയമനടപടിയോ, അങ്ങനെയുള്ള സ്ത്രീക്കോ പെൺകുട്ടിക്കോ എതിരായി അങ്ങനെയുള്ള സ്ത്രീക്കോ പെൺകുട്ടിക്കോ അല്ലെങ്കിൽ അവർക്കുവേണ്ടിയോ കടം കൊടുക്കുകയോ നൽകുകയോ ചെയ്തിട്ടുള്ളതോ അല്ലെങ്കിൽ അങ്ങനെയുള്ള സ്ത്രീയോ പെൺകുട്ടിയോ പണയം വച്ചിട്ടുള്ളതായോ ആരോപിക്കപ്പെട്ട ഏതെങ്കിലും ആഭരണമോ ഉടുതുണിയോ, മററു വസ്തുവോ വസൂലാക്കുന്നതിനോ അല്ലെങ്കിൽ അങ്ങനെയുള്ള സ്ത്രീയോ പെൺകുട്ടിയോ കൊടുക്കേണ്ടതായി ആരോപിക്കപ്പെട്ട ഏതെങ്കിലും പണം വസൂലാക്കുന്നതിനോ അവളെ തടങ്കലിൽവച്ച ആളുടെ ആവശ്യ പ്രകാരം ഉണ്ടായിരിക്കുന്നതല്ല.

**പൊതുസ്ഥലങ്ങളിലോ അവയുടെ സമീപത്തോ ഉള്ള വേശ്യാവൃത്തി.**

7. (1) (ക) (3)-ാം ഉപവകുപ്പിൻ കീഴിൽ വിജ്ഞാപനം ചെയ്ത പ്രദേശത്തിനകത്തോ പ്രദേശങ്ങൾക്കകത്തോ

(ഖ) മതപരമായ ഏതെങ്കിലും പൊതു ആരാധനസ്ഥലത്തിന്റേയോ വിദ്യാഭ്യാസ സ്ഥാപനത്തിന്റേയോ ഹോസ്ററലിന്റെയോ, ആശുപത്രിയുടേയോ നേഴ്സിംഗ് ഹോമിന്റേയോ അല്ലെങ്കിൽ നിർണ്ണയിക്കപ്പെട്ട രീതിയിൽ പോലീസ് കമ്മീഷണരോ മജിസ്ട്രേററോ ഇതിലേക്ക് വിജ്ഞാപനം ചെയ്യാവുന്ന ഏതെങ്കിലും തരത്തിലുള്ള മററു വല്ല പൊതുസ്ഥലത്തിന്റേയോ, ഇരുന്നൂറു മീററർ അകലത്തിനകത്തുള്ള ഏതെങ്കിലും പരിസരത്തിൽ വേശ്യാവൃത്തി നടത്തുന്ന ഏതെങ്കിലും സ്ത്രീയോ പെൺകുട്ടിയോ അവരും അങ്ങനെയുള്ള വേശ്യാവൃത്തി ആരുമായാണോ നടത്തുന്നത് ആ ആൾക്കും, മൂന്നു മാസത്തോളമാകാവുന്ന കാലത്തേക്കുള്ള തടവുശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാണ്.

(2) (ക) ഏതെങ്കിലും പൊതുസ്ഥലത്തിന്റെ സൂക്ഷിപ്പുകാരനായിരിക്കെ വേശ്യകളെ അവരുടെ തൊഴിലാവശ്യങ്ങൾക്ക് അങ്ങനെയുള്ള സ്ഥലത്തു ചെല്ലുന്നതിനോ തങ്ങുന്നതിനോ അറിഞ്ഞുകൊണ്ട് അനുവദിക്കുകയോ, അല്ലെങ്കിൽ

(ഖ) കുടിയാനോ, പാട്ടക്കാരനോ, തൽക്കാല കൈവശക്കാരനോ അല്ലെങ്കിൽ (1)-ാം ഉപവകുപ്പിൽ പരാമർശിച്ച ഏതെങ്കിലും പരിസരങ്ങളുടെ ചാർജ്ജുള്ള ആളോ ആയിരിക്കേ അതോ അതിന്റെ ഏതെങ്കിലും ഭാഗമോ വേശ്യാവൃത്തിക്കുപയോഗിക്കുന്നതിന് അറിഞ്ഞുകൊണ്ട് അനുവദിക്കുകയോ, അല്ലെങ്കിൽ

(ഗ) (1)-ാം ഉപവകുപ്പിൽ പരാമർശിച്ച ഏതെങ്കിലും പരിസരങ്ങളുടെ ഉടമസ്ഥനോ, പാട്ടദായകനോ ജൻമിയോ, അല്ലെങ്കിൽ അങ്ങനെയുള്ള ഉടമസ്ഥന്റേയോ പാട്ടദായകന്റേയോ ജൻമിയുടേയോ ഏജന്റോ, ആയിരിക്കേ, അതോ അതിന്റെ ഏതെങ്കിലും ഭാഗമോ വേശ്യാവൃത്തിക്ക് ഉപയോഗിക്കപ്പെടുമെന്ന് അറിഞ്ഞുകൊണ്ട് അതോ അതിന്റെ ഏതെങ്കിലും ഭാഗം വാടകയ്ക്ക് കൊടുക്കുകയോ, അല്ലെങ്കിൽ അങ്ങനെയുള്ള ഉപയോഗത്തിൽ മനഃപൂർവ്വം കക്ഷിയായിരിക്കുകയോ ചെയ്യുന്ന ഏതൊരാളും—

ആദ്യത്തെ കുററസ്ഥാപനത്തിൻമേൽ മൂന്നുമാസത്തോളമാകാവുന്ന കാലത്തേയ്ക്കുള്ള തടവോ, അല്ലെങ്കിൽ ഇരുന്നൂറു രൂപയോളമാകാവുന്ന പിഴയോ, അല്ലെങ്കിൽ രണ്ടും കൂടിയോ നൽകിയും രണ്ടാമത്തേതോ അതിനുശേഷമുള്ളതോ ആയ കുററസ്ഥാപന സംഗതിയിൽ ആറുമാസത്തോളമാകാവുന്ന തടവും കൂടാതെ ഇരുന്നൂറു രൂപയോളമാകാവുന്ന പിഴയും നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

(3) സ്റേററ് ഗവൺമെൻറിന്, സ്റേററിനകത്തുള്ള ഏതെങ്കിലും പ്രദേശത്തോ പ്രദേശങ്ങളിലോ പതിവായി വരുന്ന ആളുകളുടെ തരവും അവിടുള്ള ജനസംഖ്യയുടെ പ്രകൃതവും സാന്ദ്രതയും മററു പ്രസക്തവസ്തുതകളും പരിഗണിച്ച്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന പ്രദേശത്തോ പ്രദേശങ്ങളിലോ വേശ്യാവൃത്തി നടത്താൻ പാടില്ലെന്ന് നിദേശിക്കാവുന്നതാണ്.

(4) (3)-ാം ഉപവകുപ്പിൻകീഴിൽ, ഏതെങ്കിലും പ്രദേശമോ പ്രദേശങ്ങളോ സംബന്ധിച്ച് ഒരു വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളിടത്ത്, സ്റേററ് ഗവൺമെൻറ് വിജ്ഞാപനത്തിൽ ന്യായമായും സുനിശ്ചിതമായും അങ്ങനെയുള്ള പ്രദേശത്തിന്റേയോ പ്രദേശങ്ങളുടേയോ അതിരുകൾ നിർവ്വചിക്കേണ്ടതാകുന്നു.

(5) അങ്ങനെയുള്ള യാതൊരു വിജ്ഞാപനവും, പുറപ്പെടുവിച്ച തീയതിക്കുശേഷം തൊണ്ണൂറു ദിവസം കഴിയുന്നതിനു മുമ്പുള്ള തീയതി മുതൽ പ്രഭാവം ഉണ്ടായിരിക്കത്തക്ക വിധത്തിൽ പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

**വേശ്യാവൃത്തിയുടെ ആവശ്യത്തിന് പ്രലോഭിപ്പിക്കുകയോ ക്ഷണിക്കുകയോ ചെയ്യുന്നത്.**

8. ഏതൊരാളാണോ, ഏതെങ്കിലും പൊതുസ്ഥലത്തോ അല്ലെങ്കിൽ അതിന്റെ കാഴ്ചപ്പാടിനകത്തും ഏതെങ്കിലും പൊതു സ്ഥലത്തു നിന്ന് കാണുകയോ കേൾക്കുകയോ ചെയ്യത്തക്ക വിധത്തിലുമോ ഏതെങ്കിലും കെട്ടിടത്തിന്റേയോ വീടിന്റേയോ അകത്തോ പുറത്തോ നിന്നോ ആയാലും,

(ക) വാക്കുകളാലോ ആംഗ്യങ്ങളാലോ അവളുടെ ശരീരം മനഃപൂർവ്വം തുറന്നു കാണിച്ചോ (ഒരു ജനാലക്കടുത്തോ, കെടിടത്തിന്റേയോ വീടിന്റേയോ മട്ടുപ്പാവിലോ ഇരുന്നുകൊണ്ടോ അല്ലെങ്കിൽ മറേറതെങ്കിലും വിധത്തിലോ ആയാലും) അല്ലെങ്കിൽ വേശ്യാവൃത്തിയുടെ ആവശ്യത്തിന് മററു വിധത്തിൽ ഏതെങ്കിലും ആളെ പ്രലോഭിപ്പിക്കുകയോ പ്രലോഭിപ്പിക്കാൻ ശ്രമിക്കുകയോ ശ്രദ്ധ ആകർഷിക്കുകയോ ആകർഷിക്കാൻ ശ്രമിക്കുകയോ, അല്ലെങ്കിൽ

(ഖ) വ്യഭിചാരത്തിന്റെ ആവശ്യത്തിന് ഏതെങ്കിലും ആളെ ക്ഷണിക്കുകയോ ശല്യപ്പെടുത്തുകയോ, അങ്ങനെയുള്ള പൊതുസ്ഥലത്തിനടുത്തു താമസിക്കുകയോ അതുവഴി കടന്നുപോവുകയോ ചെയ്യുന്ന ആളുകൾക്ക് തടസ്സമോ അലട്ടലോ ഉണ്ടാക്കുകയോ അല്ലെങ്കിൽ പൊതുസഭ്യതയെ നിന്ദിക്കുകയോ ചെയ്യുന്ന രീതിയിൽ അലഞ്ഞുനടക്കുകയോ, പ്രവർത്തിക്കുകയോ ചെയ്യുന്നത്, അയാൾ,—

ആദ്യത്തെ കുററസ്ഥാപനത്തിൻമേൽ ആറുമാസത്തോളമാകാവുന്ന കാലത്തേയ്ക്കുള്ള തടവോ അല്ലെങ്കിൽ അഞ്ഞൂറു രൂപയോളമാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകിയും, രണ്ടാമത്തതോ അതിനു ശേഷമുള്ളതോ ആയ കുററസ്ഥാപന സംഗതിയിൽ ഒരു വർഷത്തോളമാകാവുന്ന കാലത്തേയ്ക്കുള്ള തടവും കൂടാതെ അഞ്ഞൂറു രൂപയോളമാകാവുന്ന പിഴയും നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

**സൂക്ഷിപ്പിലുള്ള ഒരു സ്ത്രീയേയോ പെൺകുട്ടിയേയോ പ്രലോഭിപ്പിക്കൽ.**

9. (1) ഏതെങ്കിലും സ്ത്രീയുടേയോ പെൺകുട്ടിയുടേയോ സൂക്ഷിപ്പോ ചുമതലയോ, സംരക്ഷണമോ, അധികാരസ്ഥാനമോ ഉണ്ടായിരിക്കേ, ആ സ്ത്രീയേയോ പെൺകുട്ടിയേയോ വേശ്യാവൃത്തിക്ക് പ്രലോഭിപ്പിക്കുന്നതിന് ഇടയാക്കുകയോ, സഹായിക്കുകയോ അല്ലെങ്കിൽ പ്രേരിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും ആദ്യത്തെ കുററസ്ഥാപനത്തിൻമേൽ ഒരു വർഷത്തിൽ കുറയാത്തതും മൂന്നു വർഷത്തിൽ കവിയാത്തതുമായ കാലത്തേയ്ക്കുള്ള കഠിനതടവും കൂടാതെ ആയിരം രൂപയോളമാകാവുന്ന പിഴയും നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

(2) ഈ വകുപ്പിൻകീഴിലുള്ള ഒരു കുററം സംബന്ധിച്ചുള്ള രണ്ടാമത്തതോ അതിനുശേഷമുള്ളതോ ആയ കുററസ്ഥാപന സംഗതിയിൽ, ഒരാൾ അഞ്ചുവർഷത്തോളമാകാവുന്ന തടവും കൂടാതെ ആയിരം രൂപയോളമാകാവുന്ന പിഴയും നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

**നല്ല നടത്തയ്ക്കുള്ള പരീക്ഷണ കാലത്തിൻമേലോ വേണ്ടത്ര താക്കീതു നൽകിയ ശേഷമോ വിട്ടയയ്ക്കൽ.**

10. (1) 7-ാം വകുപ്പിൻേറയോ 8-ാം വകുപ്പിൻേറയോ കീഴിൽ ഏതെങ്കിലും കുററത്തിനു ആദ്യത്തെ പ്രാവശ്യം കുററസ്ഥാപനം ചെയ്യപ്പെട്ട ഒരാളെ, അയാളുടെ പ്രായവും സ്വഭാവവും പൂർവ്വകാല ചരിത്രവും കുററംചെയ്ത പരിതഃസ്ഥിതികളും പരിഗണിച്ച്,

(1958-ലെ 20) (ക) കുററക്കാരുടെ പരീക്ഷണകാല ആക്ററ്, 1958 പ്രാബല്യത്തിലുള്ള പ്രദേശത്ത് സംജാതമാകുന്ന ഒരു സംഗതിയിൽ, ആ ആക്ററ് 4-ാം വകുപ്പിൽ വ്യവസ്ഥ ചെയ്യുന്ന രീതിയിലും ;

(1974-ലെ 2) (ഖ) മറേറതൊരു സംഗതിയിലും, ക്രിമിനൽ നടപടി നിയമസംഹിത, 1973 360-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്യുന്ന രീതിയിലും ഏതു കോടതി മുൻപാകെയാണോ അയാളെ കുററസ്ഥാപനംചെയ്തത് ആ കോടതിക്ക് നല്ലനടത്തയ്ക്കുള്ള പരീക്ഷണ കാലത്തിൻമേൽ വിട്ടയയ്ക്കാവുന്നതാണ്.

(2) 7-ാം വകുപ്പിൻേറയോ 8-ാം വകുപ്പിൻേറയോ കീഴിൽ ഏതെങ്കിലും കുററത്തിനു ആദ്യത്തെ പ്രാവശ്യം കുററസ്ഥാപനം ചെയ്യപ്പെട്ട ഒരാളെ അയാളുടെ പ്രായവും, സ്വഭാവവും, പൂർവ്വകാല ചരിത്രവും കുററംചെയ്ത പരിതഃസ്ഥിതികളും പരിഗണിച്ച്,

(1958-ലെ 20) (ക) കുററക്കാരുടെ പരീക്ഷണകാല ആക്ററ്, 1958 പ്രാബല്യത്തിലുള്ള പ്രദേശത്ത് സംജാതമാകുന്ന ഒരു സംഗതിയിൽ, ആ ആക്ററ്, 3-ാം വകുപ്പിൽ വ്യവസ്ഥചെയ്യുന്ന രീതിയിലും ;

(1974-ലെ 2) (ഖ) മറേറതൊരു സംഗതിയിലും, ക്രിമിനൽ നടപടി നിയമസംഹിത, 1973 (3)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്യുന്ന രീതിയിലും വേണ്ടത്ര താക്കീതു നൽകിയശേഷം വിട്ടയയ്ക്കുകകൂടി ചെയ്യാവുന്നതാണ്.

(1958-ലെ 20) (3) കുററക്കാരുടെ പരീക്ഷണകാല ആക്ററ്, 1958 5 മുതൽ 17 വരെ (രണ്ടും ഉൾപ്പെടെ) യുള്ള വകുപ്പുകളിലെ വ്യവസ്ഥകൾ (1)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിലും (2)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിലും പരാമർശിക്കുന്ന സംഗതികൾക്കു ബാധകമാകുന്നതാണ്.

(1974-ലെ 2) (4) ക്രിമിനൽ നടപടി നിയമസംഹിത, 1973 360-ാം വകുപ്പ് (2) മുതൽ (10) വരെ (രണ്ടും ഉൾപ്പെടെ) യുള്ള ഉപവകുപ്പുകളിലെ വ്യവസ്ഥകൾ (1)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിലും (2)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിലും പരാമർശിക്കുന്ന സംഗതികൾക്കു ബാധകമാകുന്നതാണ്.

(1974-ലെ 2) (5) ക്രിമിനൽ നടപടി നിയമസംഹിത, 1973-ലോ തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, 3-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻേറയോ (2)-ാം ഉപവകുപ്പിൻേറയോ 4-ാം വകുപ്പിൻേറയോ 5-ാം വകുപ്പിൻേറയോ 6-ാം വകുപ്പിൻേറയോ, 9-ാം വകുപ്പിൻേറയോ കീഴിലോ ഒരു കുററത്തിനു കുററസ്ഥാപനം ചെയ്യപ്പെട്ട യാതൊരാളേയും പരീക്ഷണ കാലത്തിൻമേലോ വേണ്ടത്ര താക്കീതു നൽകിയശേഷമോ വിട്ടയയ്ക്കാൻ പാടുള്ളതല്ല.

(6) (1)-ാം ഉപവകുപ്പിലോ (2)-ാം ഉപവകുപ്പിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, 7-ാം വകുപ്പിൻേറയോ 8-ാം വകുപ്പിൻേറയോ കീഴിൽ, ആദ്യത്തെ പ്രാവശ്യം ഒരു കുററത്തിനു കുററസ്ഥാപനം ചെയ്യപ്പെട്ട ആൾ ഒരു സ്ത്രീയോ പെൺകുട്ടിയോ ആണെങ്കിൽ, അവളെ ഈ വകുപ്പിൻകീഴിൽ കൈകാര്യം ചെയ്യേണ്ടതും കുററത്തിന്റെ പ്രകൃതവും, കുററക്കാരന്റെ സ്വഭാവവും ഉൾപ്പെടെ, സംഗതിയുടെ പരിതഃസ്ഥിതികൾ പരിഗണിച്ച് അവളെ ഈ വകുപ്പിൻകീഴിൽ കൈകാര്യം ചെയ്യുന്നത് ആശാസ്യമായിരിക്കുന്നതല്ലെന്ന് കോടതിക്ക് ബോദ്ധ്യമാകാത്തപക്ഷം, അവൾക്ക് യാതൊരു തടവുശിക്ഷയും നൽകാൻ പാടില്ലാത്തതും കോടതി ആദ്യത്തെ പ്രാവശ്യമുള്ള കുററസ്ഥാപനത്തിൻമേൽ കുററവാളിയുടെമേൽ ഏതെങ്കിലും തടവുശിക്ഷാവിധി പാസ്സാക്കുകയാണെങ്കിൽ അപ്രകാരം ചെയ്യാനുള്ള കാരണങ്ങൾ അത് രേഖപ്പെടുത്തേണ്ടതും ആകുന്നു.

(1958-ലെ 20) (7) അങ്ങനെയുള്ള സ്ത്രീയേയോ പെൺകുട്ടിയേയോ ഈ വകുപ്പിൻകീഴിൽ കൈകാര്യം ചെയ്യുന്നതു ആശാസ്യമായിരിക്കുമോ അല്ലയോ എന്നു സ്വയം ബോദ്ധ്യപ്പെടുന്ന ആവശ്യത്തിനു കോടതി, കുററക്കാരുടെ പരീക്ഷണകാല ആക്ററ്, 1958-ന്റെ കീഴിൽ നിയമിക്കുന്ന പ്രൊബേഷൻ ഉദ്യോഗസ്ഥനിൽ നിന്നു ഒരു റിപ്പോർട്ടു ആവശ്യപ്പെടേണ്ടതും അയാളുടെ റിപ്പോർട്ടുണ്ടെങ്കിൽ അതും കുററവാളിയുടെ സ്വഭാവവും ശാരീരിക മാനസികാവസ്ഥയും സംബന്ധിച്ചു അതിനു ലഭിക്കുന്ന മറേറതെങ്കിലും വിവരവും പരിഗണിക്കേണ്ടതുമാകുന്നു.

**ദുർഗുണപരിഹാര സ്ഥാപനത്തിൽ തടങ്കലിൽ വയ്ക്കൽ.**

10 ക. (ക) ഒരു കുററക്കാരി 7-ാം വകുപ്പിൻേറയോ 8-ാം വകുപ്പിൻേറയോ കീഴിൽ അപരാധിയാണെന്നു കാണുകയും 10-ാം വകുപ്പു (1)-ാം ഉപവകുപ്പിൻേറയോ (2)-ാം ഉപവകുപ്പിൻേറയോ കീഴിൽ വിട്ടയയ്ക്കാതിരിക്കുകയും ;

(ഖ) അവളുടെ ദുർഗുണ പരിഹാരത്തിന് ഉതകത്തക്കവിധമുള്ള കാലത്തേയ്ക്കും അങ്ങനെയുള്ള ആദേശത്തിനും ശിക്ഷണത്തിനുമായി അവളെ തടങ്കലിൽ വയ്ക്കേണ്ടത് സമീചീനമാകുന്ന വിധത്തിൽ കുററക്കാരിയുടെ സ്വഭാവവും ആരോഗ്യനിലയും മാനസികാവസ്ഥയും ആയിരിക്കുകയും ;

ചെയ്യുന്നിടത്ത്, തടവുശിക്ഷാ വിധിക്കു പകരം, കോടതിക്കു യുക്തമെന്നുതോന്നുന്ന രണ്ടു വർഷത്തിൽ കുറയാത്തതും അഞ്ചു വർഷത്തിൽ കവിയാത്തതുമായ കാലത്തേയ്ക്കു ഒരു ദുർഗുണ പരിഹാര സ്ഥാപനത്തിൽ തടവിൽ വയ്ക്കുന്നതിനു കോടതി ഉത്തരവു പാസ്സാക്കുന്നതു നിയമാനുസൃതമായിരിക്കുന്നതാണ്:

എന്നാൽ അങ്ങനെയുള്ള ഉത്തരവു പാസ്സാക്കുന്നതിനു മുൻപ്,—

(i) കോടതി, കുററവാളിക്ക് പറയാനുള്ളത് ബോധിപ്പിക്കാൻ അവസരം നൽകേണ്ടതും കുററക്കാരുടെ പരീക്ഷണകാല ആക്റ്റ്, 1958 -ൻെറ (1958-ലെ 20) കീഴിൽ നിയമിക്കുന്ന പ്രൊബേഷൻ ഉദ്യോഗസ്ഥൻെറ റിപ്പോർട്ടിനു പുറമേ അങ്ങനെയുള്ള സ്ഥാപനത്തിൽ സംരക്ഷണം നൽകാൻ സംഗതിക്കുള്ള യോഗ്യത സംബന്ധിച്ച് കുററക്കാരൻ ബോധിപ്പിക്കാവുന്ന ഏതെങ്കിലും നിവേദനംകൂടി പരിഗണിക്കേണ്ടതും ;

(ii) കുററവാളിയുടെ സ്വഭാവവും ആരോഗ്യനിലയും, മാനസികാവസ്ഥയും സംഗതിയുടെ മററു പരിതഃസ്ഥിതികളും മേൽപ്പറഞ്ഞപ്രകാരമുള്ള ആദേശവും ശിക്ഷണവും മുഖേന കുററക്കാരനു ഗുണമുണ്ടാക്കാൻ സാദ്ധ്യതയുള്ളതാണെന്നു കോടതിക്കു ബോദ്ധ്യമാകുന്നുവെന്ന് അത് രേഖപ്പെടുത്തേണ്ടതും, ആകുന്നു.

(2) (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി അപ്പീലും, റഫറൻസും, റിവിഷനും സംബന്ധിച്ച് ക്രിമിനൽ നടപടി നിയമസംഹിത, 1973-ലേയും അപ്പീൽ ഫയൽ ചെയ്യേണ്ടത് ഏതു കാലാവധിക്കുള്ളിലാണെന്നുള്ളതു സംബന്ധിച്ച് കാലഹരണ ആക്റ്റ്, 1963 -ലേയും വ്യവസ്ഥകൾ, (1)-ാം ഉപവകുപ്പിൻ കീഴിലുള്ള ഒരു തടങ്കൽ ഉത്തരവു സംബന്ധിച്ച് തടങ്കൽ ഉത്തരവു ചെയ്യപ്പെട്ടതു ഏതു കാലത്തേയ്ക്കാണോ അതേ കാലത്തേയ്ക്ക് ഉത്തരവു ഒരു തടവുശിക്ഷ ആയിരുന്നാലെന്നപോലെ ബാധകമാകുന്നതാണ്. (1974-ലെ 2) (1963-ലെ 30)

(3) ഇതിലേക്ക് ഉണ്ടാക്കാവുന്ന ചട്ടങ്ങൾക്ക് വിധേയമായി, സ്റേററ് ഗവൺമെൻറിനോ ഇതിലേക്ക് അധികാരപ്പെടുത്തിയ അധികാരസ്ഥാനത്തിനോ, ഒരു ദുർഗുണ പരിഹാരസ്ഥാപനത്തിൽ തടങ്കലിൽ വയ്ക്കുന്നതിനുള്ള ഒരു ഉത്തരവിൻെറ തീയതിമുതൽ ആറുമാസം കഴിഞ്ഞശേഷം ഏതൊരു സമയത്തും, കുററവാളി, ഉപയോഗപ്രദമായതും പരിശ്രമശീലം ഉള്ളതുമായ ജീവിതം നയിക്കാൻ ന്യായമായ സാദ്ധ്യത ഉണ്ടെന്ന് ബോദ്ധ്യമാവുകയാണെങ്കിൽ, നിരുപാധികമായോ യുക്തമെന്ന് കരുതാവുന്ന ഉപാധിയോടുകൂടിയോ അവളെ അങ്ങനെയുള്ള സ്ഥാപനത്തിൽനിന്ന് വിട്ടയക്കാവുന്നതും നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിൽ അവൾക്ക് ലിഖിതമായ ഒരു ലൈസൻസ് കൊടുക്കാവുന്നതും ആകുന്നു.

(4) (3)-ാം ഉപവകുപ്പിൻകീഴിൽ ഒരു കുററവാളിയെ വിട്ടയക്കാനുള്ള ഉപാധികളിൽ കുററവാളിയുടെ താമസസ്ഥലവും കുററവാളിയുടെ പ്രവർത്തനങ്ങളുടേയും സഞ്ചാരങ്ങളുടേയുംമേലുള്ള മേൽനോട്ടം സംബന്ധിച്ച ആവശ്യകങ്ങൾ ഉൾപ്പെടാവുന്നതാകുന്നു.

**മുമ്പ് കുററസ്ഥാപനം ചെയ്യപ്പെട്ട കുററവാളികളുടെ മേൽവിലാസം സംബന്ധിച്ച വിജ്ഞാപനം.**

11. (1) (ക) ഈ ആക്റ്റിൻകീഴിൽ ശിക്ഷാർഹമായതോ അല്ലെങ്കിൽ ഇൻഡ്യൻ ശിക്ഷാ നിയമസംഹിത 363-ാം വകുപ്പിൻേറയോ, 365-ാം വകുപ്പിൻേറയോ 366-ാം വകുപ്പിൻേറയോ 366 ക വകുപ്പിൻേറയോ, 366-ഖ വകുപ്പിൻേറയോ 367-ാം വകുപ്പിൻേറയോ, 368-ാം വകുപ്പിൻേറയോ, 370-ാം വകുപ്പിൻേറയോ, 371-ാം വകുപ്പിൻേറയോ, 372-ാം വകുപ്പിൻേറയോ, 373-ാം വകുപ്പിൻേറയോ കീഴിൽ ശിക്ഷാർഹമായതോ ആയ ഒരു കുററത്തിന് ഇൻഡ്യയിലെ ഒരു കോടതി രണ്ടു വർഷമോ അതിൽ കൂടുതലോ കാലത്തെ തടവിനോ ; അല്ലെങ്കിൽ

(ഖ) ഇൻഡ്യയിൽവച്ച് ചെയ്തിരുന്നുവെങ്കിൽ ഈ ആക്റ്റിൻകീഴിലോ മേൽപ്പറഞ്ഞ വകുപ്പുകളുടെ ഏതിൻെറ എങ്കിലുമോ കീഴിലോ ശിക്ഷാർഹമായ ഒരു കുററത്തിന് മറേറതെങ്കിലും രാജ്യത്തുള്ള ഒരു കോടതിയോ ട്രിബ്യൂണലോ അതേ കാലത്തെക്കുള്ള തടവിനോ,

കുററസ്ഥാപനം ചെയ്തിട്ടുള്ള ഏതെങ്കിലും ആളെ, ജയിലിൽനിന്ന് വിട്ടയച്ചശേഷം അഞ്ചു വർഷത്തെ കാലത്തിനകത്ത് ഈ ആക്റ്റിൻകീഴിലോ ആ വകുപ്പുകളിൽ ഏതിൻെറയെങ്കിലും കീഴിലോ രണ്ടു വർഷമോ അതിൽ കൂടുതലോ കാലത്തേയ്ക്കുള്ള തടവിന് ഒരു കോടതി വീണ്ടും കുററസ്ഥാപനം ചെയ്യുമ്പോൾ അങ്ങനെയുള്ള കോടതിക്ക്, അതിന് യുക്തമെന്നു തോന്നുകയാണെങ്കിൽ, അങ്ങനെയുള്ള ആളുടെമേൽ തടവുശിക്ഷ പാസ്സാക്കുന്ന സമയത്ത്, അയാളെ വിട്ടയച്ചശേഷം അയാളുടെ താമസസ്ഥലവും അങ്ങനെയുള്ള താമസസ്ഥലത്തിൻെറ ഏതെങ്കിലും മാററമോ, അവിടെനിന്നുള്ള അഭാവമോ അതും, 23-ാം വകുപ്പിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളനുസരിച്ച് ആ ശിക്ഷാവിധി കഴിയുന്ന തീയതി മുതൽ അഞ്ചു വർഷത്തിൽ കവിയാത്ത കാലത്തേക്ക് വിജ്ഞാപനം ചെയ്യേണ്ടതാണെന്നുകൂടി ഉത്തരവ് ചെയ്യാവുന്നതാണ്.

(2) അങ്ങനെയുള്ള കുററസ്ഥാപനം അപ്പീലിൻമേലോ മററുവിധത്തിലോ അസ്ഥിരപ്പെടുത്തുകയാണെങ്കിൽ അങ്ങനെയുള്ള ഉത്തരവ് ശൂന്യമായിത്തീരുന്നതാണ്.

(3) കൂടാതെ ഈ വകുപ്പിൻകീഴിലുള്ള ഒരു ഉത്തരവ് ഒരു അപ്പീൽ കോടതിക്കോ റിവിഷൻ അധികാരങ്ങൾ പ്രയോഗിക്കുമ്പോൾ ഹൈക്കോടതിക്കോ പുറപ്പെടുവിക്കാവുന്നതാണ്.

3/1007/V.

(4) (1)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന ഏതെങ്കിലും ചട്ടത്തിന്റെ ലംഘനത്തിന് ചാർജ്ജ് ചെയ്ത ഏതെങ്കിലും ആളെ, അയാളുടെ താമസസ്ഥലം ഒടുവിൽ വിജ്ഞാപനം ചെയ്ത സ്ഥലം സ്ഥിതി ചെയ്യുന്ന ജില്ലയിൽ ക്ഷമതയോടുകൂടിയ അധികാരിതയുള്ള മജിസ്ട്രേട്ടിന് വിചാരണ ചെയ്യാവുന്നതാണ്.

**പതിവ് കുററവാളികളിൽ നിന്ന് നല്ല നടത്തയ്ക്കുള്ള ജാമ്യം.**

12. (1) ഈ ആക്ററിൻകീഴിലുള്ള ഒരു കുററത്തിന് ഒരാളെ കുററസ്ഥാപനം ചെയ്യുന്ന ഒരു കോടതി, അയാൾ ആ കുററമോ ഈ ആക്ററിൻകീഴിലുള്ള മറെറതെങ്കിലും കുററമോ പതിവായി ചെയ്യുന്നതായോ ചെയ്യാൻ ശ്രമിക്കുന്നതായോ ചെയ്യാൻ പ്രേരിപ്പിക്കുന്നതായോ കാണുകയും, നല്ല നടത്തയ്ക്ക് ഒരു ബാണ്ട് ഒപ്പിട്ട് പൂർത്തീകരിക്കാൻ അയാളോട് ആവശ്യപ്പെടുന്നത് ആവശ്യകമോ അഭിലഷണീയമോ ആണെന്ന് കോടതിക്ക് അഭിപ്രായമുണ്ടായിരിക്കുകയും ചെയ്യുമ്പോൾ, അങ്ങനെയുള്ള കോടതിക്ക് ആ ആളിൻമേൽ ശിക്ഷാവിധി പാസ്സാക്കുന്ന സമയത്ത്, അത് യുക്തമെന്നു കരുതുന്ന മൂന്നു വർഷത്തിൽ കവിയാത്ത കാലത്തേക്ക് അയാളുടെ നല്ല നടത്തയ്ക്ക് ജാമ്യക്കാരോടുകൂടിയോ അല്ലാതെയോ അയാളുടെ സാമ്പത്തിക ശേഷിക്ക് ആനുപാതികമായ ഒരു തുകയ്ക്കുള്ള ബാണ്ട് ഒപ്പിട്ട് പൂർത്തീകരിക്കാൻ അയാളോട് ഉത്തരവ് ചെയ്യാവുന്നതാണ്.

(2) കുററസ്ഥാപനം അപ്പീലിലോ മററുവിധത്തിലോ അസ്ഥിരപ്പെടുത്തുകയാണെങ്കിൽ അപ്രകാരം ഒപ്പിട്ട് പൂർത്തീകരിച്ച ബാണ്ട് ശൂന്യമായിത്തീരുന്നതാണ്.

(3) ഈ വകുപ്പിൻകീഴിലുള്ള ഒരു ഉത്തരവ് അപ്പീൽ കോടതിക്കോ റിവിഷൻ അധികാരങ്ങൾ പ്രയോഗിക്കുമ്പോൾ ഹൈക്കോടതിക്കോ കൂടി പുറപ്പെടുവിക്കാവുന്നതാണ്.

(4) ഒരു മജിസ്ട്രേട്ട്, ഏതെങ്കിലും ആൾ തന്റെ അധികാരിതയുടെ അതിർത്തികൾക്കകത്ത് ഈ ആക്ററിൻകീഴിലുള്ള ഏതെങ്കിലും കുററം പതിവായി ചെയ്യുന്നതായോ ചെയ്യാൻ ശ്രമിക്കുന്നതായോ ചെയ്യാൻ പ്രേരിപ്പിക്കുന്നതായോ പോലീസിൽനിന്നോ മററുവിധത്തിലോ വിവരം ലഭിക്കുമ്പോൾ, അങ്ങനെയുള്ള മജിസ്ട്രേട്ട്, താൻ യുക്തമെന്നു കരുതുന്ന മൂന്നു വർഷത്തിൽ കവിയാത്ത കാലത്തേക്ക് അയാളുടെ നല്ല നടത്തയ്ക്ക് ജാമ്യക്കാരോടുകൂടി ഒരു ബാണ്ട് അയാൾ ഒപ്പിട്ട് പൂർത്തീകരിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കാതിരിക്കാൻ കാരണം കാണിക്കാൻ അയാളോട് ആവശ്യപ്പെടാവുന്നതും, അപ്പോൾ ക്രിമിനൽ നടപടി നിയമ
(1974-ലെ 2) സംഹിത 1973 111 മുതൽ 123 വരെയുള്ള വകുപ്പുകളിലെ വ്യവസ്ഥകൾ അങ്ങനെയുള്ള സംഗതിയിൽ ബാധകമായിരിക്കുന്നതുമാകുന്നു.

**പ്രത്യേക പോലീസ് ഉദ്യോഗസ്ഥനും ഉപദേശക നികായവും.**

13. (1) സ്റേററ് ഗവൺമെൻറ്, ഇതിലേക്ക് വിനിർദ്ദേശിക്കുന്ന ഓരോ പ്രദേശത്തേക്കും, ആ പ്രദേശത്ത് ഈ ആക്ററിൻകീഴിലുള്ള കുററങ്ങൾ കൈകാര്യം ചെയ്യുന്നതിന് ആ ഗവൺമെൻേറാ ആ ഗവൺമെൻറിനുവേണ്ടിയോ ഒരു പ്രത്യേക പോലീസ് ഉദ്യോഗസ്ഥനെ നിയമിക്കേണ്ടതാകുന്നു.

(2) പ്രത്യേക പോലീസ് ഉദ്യോഗസ്ഥൻ, പോലീസ് ഇൻസ്പെക്ടരുടെ പദവിയിൽ താഴെ ആയിരിക്കാൻ പാടുള്ളതല്ല.

(2ക) ജില്ലാ മജിസ്ട്രേട്ട്, ആവശ്യകമെന്നോ അങ്ങനെ ചെയ്യുന്നത് സമീചീനമെന്നോ കരുതുകയാണെങ്കിൽ, റിട്ടയർ ചെയ്ത ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനോ മിലിററി ഉദ്യോഗസ്ഥനോ പ്രത്യേക കേസ്സുകളോ കേസ്സുകളുടെ തരങ്ങളോ പൊതുവായി കേസ്സുകളോ, സംബന്ധിച്ച് ഒരു പ്രത്യേക പോലീസ് ഉദ്യോഗസ്ഥന് ഈ ആക്ററിനാലോ അതിൻകീഴിലോ നൽകപ്പെടുന്ന എല്ലാ അധികാരമോ അവയിൽ ഏതെങ്കിലും അധികാരമോ നൽകാവുന്നതാണ്:

എന്നാൽ അങ്ങനെയുള്ള യാതൊരു അധികാരവും—

(ക) റിട്ടയർ ചെയ്ത ഒരു പോലീസ് ഉദ്യോഗസ്ഥനോ അങ്ങനെയുള്ള ഉദ്യോഗസ്ഥൻ റിട്ടയർ ചെയ്യുന്ന സമയത്ത്, ഒരു ഇൻസ്പെക്ടരുടെ പദവിക്ക് താഴെയുള്ളതല്ലാത്ത തസ്തിക വഹിക്കാത്തപക്ഷമോ ;

(ഖ) റിട്ടയർ ചെയ്ത ഒരു മിലിററി ഉദ്യോഗസ്ഥനോ അങ്ങനെയുള്ള ഉദ്യോഗസ്ഥൻ, റിട്ടയർ ചെയ്യുന്ന സമയത്ത്, ഒരു കമ്മീഷൻ ലഭിച്ച ഉദ്യോഗസ്ഥന്റെ പദവിക്ക് താഴെയുള്ളതല്ലാത്ത തസ്തിക വഹിക്കാത്തപക്ഷമോ ; നൽകാൻ പാടുള്ളതല്ല.

(3) ഈ ആക്ററിൻകീഴിലുള്ള കുററങ്ങൾ സംബന്ധിച്ചുള്ള തന്റെ ചുമതലകളുടെ കാര്യക്ഷമമായ നിർവ്വഹണത്തിനു—

(ക) ഒരു പ്രദേശത്തെ പ്രത്യേക പോലീസ് ഉദ്യോഗസ്ഥനെ (പ്രായോഗികമാകുന്നിടത്തെല്ലാം സ്ത്രീപോലീസ് ഉദ്യോഗസ്ഥകൾ ഉൾപ്പെടെ) സ്റേററ് ഗവൺമെൻറ് യുക്തമെന്നു കരുതുന്ന എണ്ണം കീഴുദ്യോഗസ്ഥൻമാരായ പോലീസ് ഉദ്യോഗസ്ഥൻമാർ സഹായിക്കേണ്ടതും ;

(ഖ) സ്റേററ് ഗവൺമെൻറിന്, ഈ ആക്ററിന്റെ പ്രവർത്തനം സംബന്ധിച്ച് പൊതുപ്രാധാന്യമുള്ള പ്രശ്നങ്ങളിൽ പ്രത്യേക പോലീസ് ഉദ്യോഗസ്ഥനെ ഉപദേശിക്കാൻ ആ പ്രദേശത്തെ അഞ്ചിൽ കവിയാത്ത പ്രമുഖ സാമൂഹ്യക്ഷേമ പ്രവർത്തകർ (പ്രായോഗികമാകുന്നിടത്തെല്ലാം സ്ത്രീ സാമൂഹ്യക്ഷേമ പ്രവർത്തകർ ഉൾപ്പെടെ) അടങ്ങുന്ന ഒരു അനൗദ്യോഗിക ഉപദേശക നികായത്തെ സഹകരിപ്പിക്കാവുന്നതാണ്.

14. ക്രിമിനൽ നടപടി നിയമസംഹിത 1973-ൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിൻകീഴിൽ ശിക്ഷിക്കേണ്ട ഏതൊരു കുറ്റവും ആ നിയമസംഹിതയുടെ അർത്ഥത്തിൽ നടപടിക്കെടുക്കേണ്ട കുറ്റമായി കരുതേണ്ടതാണ്: നടപടിക്കെടുക്കേണ്ട കുറ്റങ്ങൾ. (1974-ലെ 2)

എന്നാൽ, ആ നിയമസംഹിതയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും,—

(i) വാറണ്ട് കൂടാതെയുള്ള അറസ്റ്റ് പ്രത്യേക പോലീസ് ഉദ്യോഗസ്ഥനോ അല്ലെങ്കിൽ അയാളുടെ നിദേശത്തിന്റെയോ മാർഗ്ഗനിർദ്ദേശത്തിന്റെയോ കീഴിലോ അല്ലെങ്കിൽ അയാളുടെ മുൻ അംഗീകാരത്തിന് വിധേയമായോ മാത്രം നടത്താവുന്നതും ;

(ii) ഒരു പ്രത്യേക പോലീസ് ഉദ്യോഗസ്ഥൻ, ഈ ആക്റ്റിൻകീഴിലുള്ള ഒരു കുറ്റത്തിന് ഏതെങ്കിലും ആളെ തന്റെ സാന്നിദ്ധ്യത്തിലല്ലാതെ വാറണ്ട് കൂടാതെ അറസ്റ്റ് ചെയ്യാൻ തന്റെ ഏതെങ്കിലും കീഴുദ്യോഗസ്ഥനോട് ആവശ്യപ്പെടുമ്പോൾ, അയാൾ, അറസ്റ്റ് ചെയ്യേണ്ട ആളെയും അറസ്റ്റ് ചെയ്യാനുള്ള കുറ്റവും വിനിർദ്ദേശിച്ചുകൊണ്ട് ലിഖിതമായ ഒരുത്തരവ് ആ കീഴുദ്യോഗസ്ഥന് കൊടുക്കേണ്ടതും ആ കീഴുദ്യോഗസ്ഥൻ അയാളെ അറസ്റ്റ് ചെയ്യുന്നതിനുമുമ്പ്, ഉത്തരവിന്റെ സാരം അയാളെ അറിയിക്കുകയും, അങ്ങനെയുള്ള ആൾ ആവശ്യപ്പെടുന്നതിൻമേൽ ആ ഉത്തരവ് അയാളെ കാണിക്കുകയും ചെയ്യേണ്ടതുമാണ് ;

(iii) പ്രത്യേക പോലീസ് ഉദ്യോഗസ്ഥൻ, പ്രത്യേകമായി അധികാരപ്പെടുത്തിയ സബ് ഇൻസ്പെക്ടറുടെ പദവിക്ക് താഴെയല്ലാത്ത ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥന്, പ്രത്യേക പോലീസ് ഉദ്യോഗസ്ഥന്റെ ഉത്തരവ് ലഭിക്കുന്നതിൽ നേരിടുന്ന കാലതാമസം കാരണത്താൽ ഈ ആക്റ്റിൻകീഴിലുള്ള ഏതെങ്കിലും കുറ്റം സംബന്ധിച്ച് മൂല്യമുള്ള ഏതെങ്കിലും തെളിവ് നശിപ്പിക്കാനോ ഒളിച്ചുവയ്ക്കാനോ ഇടയുണ്ടെന്നോ അല്ലെങ്കിൽ കുറ്റം ചെയ്തതോ കുറ്റം ചെയ്തതായി സംശയിക്കപ്പെടുന്നതോ ആയ ആൾ രക്ഷപ്പെടാൻ ഇടയുണ്ടെന്നോ വിശ്വസിക്കാൻ അയാൾക്ക് കാരണമുണ്ടെങ്കിലോ അല്ലെങ്കിൽ അങ്ങനെയുള്ള ഒരാളുടെ പേരും മേൽവിലാസവും അറിയാൻ പാടില്ലാത്തതോ അല്ലെങ്കിൽ ഒരു കള്ളപ്പേരും മേൽവിലാസവുമാണ് നൽകിയിട്ടുള്ളതെന്ന് സംശയിക്കാൻ കാരണമുണ്ടായിരിക്കുകയോ ആണെങ്കിലോ ബന്ധപ്പെട്ട ആളെ അങ്ങനെയുള്ള ഉത്തരവ് കൂടാതെ അറസ്റ്റ് ചെയ്യാവുന്നതും, എന്നാൽ അങ്ങനെയുള്ള സംഗതിയിൽ, അറസ്റ്റും അറസ്റ്റ് ചെയ്ത പരിതഃസ്ഥിതികളും പ്രത്യേക പോലീസ് ഉദ്യോഗസ്ഥന് ആകാവുന്നത്ര വേഗത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാകുന്നു.

15. (1) തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു പ്രത്യേക പോലീസ് ഉദ്യോഗസ്ഥന്, ഏതെങ്കിലും പരിസരങ്ങളിൽ താമസിക്കുന്ന ഒരു സ്ത്രീയേയോ പെൺകുട്ടിയേയോ സംബന്ധിച്ച് ഈ ആക്റ്റിൻകീഴിൽ ശിക്ഷാർഹമായ ഒരു കുറ്റം ചെയ്തിട്ടുണ്ടെന്നോ അല്ലെങ്കിൽ ചെയ്തുകൊണ്ടിരിക്കുന്നെന്നോ എന്നും അമിതമായ കാലതാമസം കൂടാതെ വാറണ്ടോടുകൂടി പരിസരശോധന നടത്താൻ സാദ്ധ്യമല്ലെന്നും വിശ്വസിക്കാൻ ന്യായമായ കാരണങ്ങൾ ഉണ്ടായിരിക്കുമ്പോഴെല്ലാം അങ്ങനെയുള്ള ഉദ്യോഗസ്ഥന്, തന്റെ വിശ്വാസത്തിനുള്ള കാരണങ്ങൾ രേഖപ്പെടുത്തിയശേഷം ഒരു വാറണ്ടുകൂടാതെ അങ്ങനെയുള്ള പരിസരങ്ങളിൽ പ്രവേശിക്കുകയും ശോധന നടത്തുകയും ചെയ്യാവുന്നതാണ്. വാറണ്ടുകൂടാതെയുള്ള ശോധന

(2) (1)-ാം ഉപവകുപ്പിൻകീഴിൽ ഒരു ശോധന നടത്തുന്നതിനുമുമ്പ്, പ്രത്യേക പോലീസ് ഉദ്യോഗസ്ഥൻ, ശോധന നടത്തേണ്ട സ്ഥലം സ്ഥിതി ചെയ്യുന്ന പ്രദേശത്തുള്ള രണ്ടോ അതിലധികമോ മാന്യരായ സ്ഥലവാസികളോട് (അവരിൽ ഒരാളെങ്കിലും സ്ത്രീയായിരിക്കണം) ശോധനയിൽ ഹാജരാകാനും സാക്ഷ്യം വഹിക്കാനും ആവശ്യപ്പെടേണ്ടതും അപ്രകാരം ചെയ്യാൻ ലിഖിതമായ ഒരുത്തരവ് അവർക്കോ അവരിലാർക്കെങ്കിലുമോ നൽകാവുന്നതുമാണ് :

എന്നാൽ, മാന്യ സ്ഥലവാസികൾ ശോധന നടത്തേണ്ട സ്ഥലം സ്ഥിതി ചെയ്യുന്ന പ്രദേശത്തുനിന്നായിരിക്കണമെന്നത് സംബന്ധിച്ച ആവശ്യകത, ശോധനയിൽ ഹാജരാകുന്നതിനും സാക്ഷ്യം വഹിക്കുന്നതിനും ആവശ്യപ്പെടുന്ന സ്ത്രീക്ക് ബാധകമാകുന്നതല്ല.

(3) ഏൽപിച്ചുകൊടുത്തതോ നൽകാൻ ഒരുമ്പെട്ടതോ ആയ ലിഖിതമായ ഉത്തരവുവഴി ഈ വകുപ്പിൻകീഴിൽ ഒരു ശോധനയിൽ ഹാജരാകാനും സാക്ഷ്യം വഹിക്കാനും, ആവശ്യപ്പെടുമ്പോൾ, ന്യായമായ കാരണംകൂടാതെ അപ്രകാരം ചെയ്യാൻ വിസമ്മതിക്കുകയോ ഉപേക്ഷ കാണിക്കുകയോ ചെയ്യുന്ന ഏതൊരാളും ഇൻഡ്യൻ ശിക്ഷാ നിയമസംഹിത 187-ാം വകുപ്പിൻകീഴിൽ ഒരു കുറ്റം ചെയ്തതായി കരുതപ്പെടുന്നതാണ്.

(4) (1)-ാം ഉപവകുപ്പിൻകീഴിൽ ഏതെങ്കിലും പരിസരങ്ങളിൽ പ്രവേശിക്കുന്ന പ്രത്യേക പോലീസ് ഉദ്യോഗസ്ഥന്—

(ക) ഏതെങ്കിലും സ്ത്രീ വേശ്യാവൃത്തി നടത്തുകയാണെന്നോ അല്ലെങ്കിൽ അവളെക്കൊണ്ട് നടത്തിക്കയാണെന്നോ നടത്തിക്കുന്നതിന് ശ്രമം നടത്തിക്കൊണ്ടിരിക്കയാണെന്നോ അഭിപ്രായമുണ്ടെങ്കിലോ ; അല്ലെങ്കിൽ

(ഖ) ഏതെങ്കിലും പെൺകുട്ടിക്ക് പ്രായം ഇരുപത്തിയൊന്നു വയസ്സിനു താഴെയാണെന്നും അവൾ വേശ്യാവൃത്തി നടത്തുകയാണെന്നോ അവളെക്കൊണ്ട് നടത്തിക്കുകയാണെന്നോ അല്ലെങ്കിൽ നടത്തിക്കുന്നതിന് ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണെന്നോ എന്നും അഭിപ്രായമുണ്ടെങ്കിലോ ;

അവളെ അവിടെനിന്ന് നീക്കം ചെയ്യുന്നതിന് അവകാശമുണ്ടായിരിക്കുന്നതാണ്.

(5) പ്രത്യേക പോലീസ് ഉദ്യോഗസ്ഥൻ, (4)-ാം ഉപവകുപ്പിൻകീഴിൽ സ്ത്രീയേയോ പെൺകുട്ടിയേയോ നീക്കം ചെയ്തശേഷം, അവളെ ഉടൻ സമുചിത മജിസ്ട്രേട്ടിന്റെ മുമ്പാകെ ഹാജരാക്കേണ്ടതാണ്.

(6) ഒരു ശോധനയിൽ പങ്കെടുക്കുകയോ, ഹാജരാവുകയോ ചെയ്യുകയും, സാക്ഷ്യം വഹിക്കുകയും ചെയ്യുന്ന പ്രത്യേക പോലീസ് ഉദ്യോഗസ്ഥനും മററാളുകളും, ആ ശോധന സംബന്ധിച്ചോ അതിന്റെ ആവശ്യത്തിനോ നിയമാനുസൃതമായി ചെയ്ത എന്തെങ്കിലും സംബന്ധിച്ച്, അവർക്കെതിരായി ഉള്ള ഏതെങ്കിലും സിവിലോ ക്രിമിനലോ ആയ നടപടികൾക്ക് ബാദ്ധ്യസ്ഥരാകുന്നതല്ല.

(1974-ലെ 2) (7) ക്രിമിനൽ നടപടി നിയമസംഹിത, 1973-ലെ വ്യവസ്ഥകൾ, ആകാവുന്നിടത്തോളം, മേൽപ്പറഞ്ഞ നിയമസംഹിത 94-ാം വകുപ്പിൻകീഴിൽ പുറപ്പെടുവിക്കുന്ന വാറന്റിന്റെ അധികാരത്തിൻകീഴിൽ നടത്തുന്ന ഏതൊരു ശോധനയ്ക്കും ബാധകമാകുന്നപ്രകാരം, ഈ വകുപ്പിൻകീഴിലുള്ള ഏതൊരു ശോധനയ്ക്കും ബാധകമാകുന്നതാണ്.

**സ്ത്രീയേയോ പെൺകുട്ടിയേയോ രക്ഷപ്പെടുത്തൽ**

16. (1) ഒരു മജിസ്ട്രേട്ടിന് പോലീസിൽനിന്നോ ഇതിലേക്കോ മററുവിധത്തിലോ സ്റേററുമെന്റ് അധികാരപ്പെടുത്തിയ മറേറതെങ്കിലും ആളിൽനിന്നോ വിവരത്തിൽനിന്ന്,

(ക) ഒരു സ്ത്രീയെക്കൊണ്ട് ഒരു വേശ്യാലയത്തിൽ വ്യഭിചാരം നടത്തിക്കുകയാണെന്നോ, അല്ലെങ്കിൽ

(ഖ) പ്രത്യക്ഷത്തിൽ ഇരുപത്തിയൊന്നു വയസ്സിനു താഴെ പ്രായമുള്ള ഒരു പെൺകുട്ടി ഒരു വേശ്യാലയത്തിൽ താമസിക്കുകയാണെന്നോ അവൾ അവിടെ വ്യഭിചാരം നടത്തുകയാണെന്നോ അവളെക്കൊണ്ട് നടത്തിക്കുകയാണെന്നോ,

വിശ്വസിക്കാൻ കാരണമുള്ളിടത്ത്, അയാൾക്ക് സബ്ഇൻസ്പെക്ടരുടെ പദവിയിൽ താഴെയല്ലാത്ത ഒരു പോലീസ് ഉദ്യോഗസ്ഥനോട്, അങ്ങനെയുള്ള വേശ്യാലയത്തിൽ പ്രവേശിക്കുന്നതിനും അങ്ങനെയുള്ള സ്ത്രീയേയോ പെൺകുട്ടിയേയോ അവിടെനിന്നു നീക്കംചെയ്തു തന്റെ മുമ്പാകെ ഹാജരാക്കുന്നതിനും നിർദേശിക്കാവുന്നതാണ്.

(2) പോലീസ് ഉദ്യോഗസ്ഥൻ, സ്ത്രീയേയോ പെൺകുട്ടിയേയോ നീക്കം ചെയ്ത ഉടൻതന്നെ അവളെ ഉത്തരവു പുറപ്പെടുവിച്ച മജിസ്ട്രേട്ടിന്റെ മുമ്പാകെ ഹാജരാക്കേണ്ടതാണ്.

**15-ാം വകുപ്പിൻ കീഴിൽ നീക്കം ചെയ്തതോ 16-ാം വകുപ്പിൻ കീഴിൽ രക്ഷപ്പെടുത്തിയതോ ആയ സ്ത്രീകളേയും പെൺകുട്ടികളേയും ഇടവേളയിൽ സൂക്ഷിക്കൽ.**

17. (1) 15-ാം വകുപ്പ് (4)-ാം ഉപവകുപ്പിൻകീഴിൽ ഒരു സ്ത്രീയേയോ പെൺകുട്ടിയേയോ നീക്കം ചെയ്യുന്ന പ്രത്യേക പോലീസ് ഉദ്യോഗസ്ഥനോ 16-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ ഒരു സ്ത്രീയേയോ പെൺകുട്ടിയേയോ രക്ഷപ്പെടുത്തുന്ന ഒരു പോലീസ് ഉദ്യോഗസ്ഥനോ ഏതെങ്കിലും കാരണത്താൽ അവളെ 15-ാം വകുപ്പ് (5)-ാം ഉപവകുപ്പ് ആവശ്യപ്പെടുന്നപ്രകാരമുള്ള സമുചിത മജിസ്ട്രേട്ട് മുമ്പാകെയോ 16-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ ഉത്തരവ് പുറപ്പെടുവിക്കുന്ന മജിസ്ട്രേട്ടിന്റെ മുമ്പാകെയോ ഹാജരാക്കാൻ കഴിയാതെ വരുമ്പോൾ, അയാൾ അവളെ തൽക്ഷണം ഏററവും അടുത്തുള്ള ഏതെങ്കിലും ക്ലാസ് മജിസ്ട്രേട്ടിന്റെ മുമ്പാകെ ഹാജരാക്കേണ്ടതും അയാൾ, അവളെ, അതതു സംഗതിപോലെ, സമുചിത മജിസ്ട്രേട്ടിന്റെയോ ഉത്തരവ് പുറപ്പെടുവിച്ച മജിസ്ട്രേട്ടിന്റെയോ മുമ്പാകെ ഹാജരാക്കുന്നതുവരെ, അവളുടെ സുരക്ഷിതമായ സൂക്ഷിപ്പിന് ഉചിതമെന്നു കരുതുന്ന ഉത്തരവ് പാസ്സാക്കേണ്ടതും ആകുന്നു ;

എന്നാൽ യാതൊരു സ്ത്രീയേയോ പെൺകുട്ടിയേയോ :—

(i) ഈ ഉപവകുപ്പിൻകീഴിലുള്ള ഉത്തരവിന്റെ തീയതി മുതൽ പത്തു ദിവസത്തിൽ കവിയുന്ന കാലത്തേയ്ക്ക് ഈ ഉപവകുപ്പിൻകീഴിൽ കസ്ററഡിയിൽ തടങ്കലിൽ വയ്ക്കുകയോ, അല്ലെങ്കിൽ

(ii) അവളുടെമേൽ ഹാനികരമായ സ്വാധീനം ചെലുത്താവുന്ന ആളിന്റെ കസ്ററഡിയിൽ വിട്ടുകൊടുക്കുകയോ വയ്ക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

(2) 15-ാം വകുപ്പ് (5)-ാം ഉപവകുപ്പിൻകീഴിൽ സമുചിത മജിസ്ട്രേട്ടിന്റേയോ, 16-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ മജിസ്ട്രേട്ടിന്റേയോ മുമ്പാകെ ഒരു സ്ത്രീയേയോ പെൺകുട്ടിയേയോ ഹാജരാക്കുമ്പോൾ, അയാൾ, അവൾക്ക് പറയാനുള്ളത് ബോധിപ്പിക്കുവാൻ ഒരവസരം നൽകിയശേഷം, 16-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ ലഭിച്ച വിവരത്തിന്റെ കൃത്യതയും, സ്ത്രീയുടേയോ പെൺകുട്ടിയുടേയോ പ്രായവും, സ്വഭാവവും, പൂർവ്വകാലചരിത്രവും അവളുടെ ചുമതല ഏൽക്കുന്നതിന് അവളുടെ മാതാപിതാക്കൾക്കോ, രക്ഷാകർത്താവിനോ ഭർത്താവിനോ ഉള്ള യോഗ്യതയും, അവളെ വീട്ടിലയയ്ക്കുകയാണെങ്കിൽ അവളുടെ വീട്ടിലെ പരിതഃസ്ഥിതികൾ അവളിൽ ഉണ്ടാക്കാനിടയുള്ള സ്വാധീനത്തിന്റെ പ്രകൃതവും സംബന്ധിച്ച് ഒരന്വേഷണ വിചാരണ നടത്തിക്കേണ്ടതും ഈ ആവശ്യത്തിന്, കുററക്കാരുടെ

(1958-ലെ 20) പരീക്ഷണകാല ആക്ററ്, 1958-ൻ കീഴിൽ നിയമിച്ച പ്രൊബേഷൻ

ഉദ്യോഗസ്ഥനോട്, മേൽപ്പറഞ്ഞ പരിതഃസ്ഥിതികളെക്കുറിച്ച് സ്ത്രീയുടേയോ പെൺകുട്ടിയുടേയോ വ്യക്തിത്വത്തേയും അവളുടെ പുനരധിവാസ സാദ്ധ്യതകളേയും കുറിച്ചും അന്വേഷണ വിചാരണ നടത്താൻ നിദേശിക്കാവുന്നതാണ്.

(3) മജിസ്ട്രേട്ടിന് (2)-ാം ഉപവകുപ്പിൽ ഒരു കേസ്സിനെക്കുറിച്ച് അന്വേഷണ വിചാരണ നടത്തുമ്പോൾ, സ്ത്രീയുടേയോ പെൺകുട്ടിയുടേയോ സുരക്ഷിതമായ സൂക്ഷിപ്പിന് ഉചിതമെന്നു അയാൾ കരുതുന്ന ഉത്തരവുകൾ പാസ്സാക്കാവുന്നതാണ്:

എന്നാൽ, യാതൊരു സ്ത്രീയേയോ പെൺകുട്ടിയേയോ അങ്ങനെയുള്ള ഉത്തരവിന്റെ തീയതി മുതൽ മൂന്നു ആഴ്ചയിൽ കവിയുന്ന കാലത്തേക്ക് ഈ ആവശ്യത്തിന് കസ്റ്റഡിയിൽ സൂക്ഷിക്കാൻ പാടില്ലാത്തതും യാതൊരു സ്ത്രീയേയോ പെൺകുട്ടിയേയോ അവളുടെ മേൽ ഹാനികരമായ സ്വാധീനം ചെലുത്താനിടയുള്ള ആളിന്റെ കസ്റ്റഡിയിൽ സൂക്ഷിക്കാൻ പാടില്ലാത്തതും ആകുന്നു.

(4) ഒരു മജിസ്ട്രേട്ടിന്, (2)-ാം ഉപവകുപ്പിൻകീഴിൽ ആവശ്യപ്പെടുന്ന ഒരു അന്വേഷണ വിചാരണ നടത്തിയശേഷം,

(ക) ലഭിച്ച വിവരം ശരിയാണെന്നും ;

(ഖ) അവർക്ക് രക്ഷയും സംരക്ഷണവും ആവശ്യമുണ്ടെന്നും ; ബോദ്ധ്യമാകുന്നിടത്ത്, അയാൾക്ക്, (5)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, അങ്ങനെയുള്ള സ്ത്രീയേയോ പെൺകുട്ടിയേയോ ഒരു സംരക്ഷണാലയത്തിലോ ലിഖിതമായി രേഖപ്പെടുത്തേണ്ട കാരണങ്ങളാൽ അയാൾ അനുയോജ്യമെന്നു കരുതുന്ന മററു കസ്റ്റഡിയിലോ, ഒരു വർഷത്തിൽ കുറയാത്തതും മൂന്നു വർഷത്തിൽ കവിയാത്തതും ആയ കാലത്തേക്ക് തടങ്കലിൽ വയ്ക്കേണ്ടതാണെന്ന് അയാൾക്ക് ഒരു ഉത്തരവ് ചെയ്യാവുന്നതാണ് :

എന്നാൽ അങ്ങനെയുള്ള സൂക്ഷിപ്പ് ആ സ്ത്രീയുടേയോ പെൺകുട്ടിയുടേയോ മതവിശ്വാസത്തിൽനിന്ന് വ്യത്യസ്തമായ വിശ്വാസമുള്ള ആളിന്റേയോ ആളുകളുടെ നികായത്തിന്റേയോ ആയിരിക്കാൻ പാടില്ലാത്തതും സംരക്ഷണാലയത്തിന്റെ ചുമതലയുള്ള ആളുകൾ ഉൾപ്പെടെ സ്ത്രീയുടേയോ പെൺകുട്ടിയുടേയോ സൂക്ഷിപ്പിന്റെ ഭരം ഏൽപ്പിച്ചിട്ടുള്ളവരോട്, മൂന്നുവർഷത്തിൽ കവിയാത്ത കാലത്തേക്ക് പ്രാബല്യത്തിലിരിക്കുന്നതും കോടതി നിയമിക്കുന്നതുമായ ആളിന്റെ മേൽനോട്ടത്തിനു പുറമേ, സ്ത്രീയുടേയോ പെൺകുട്ടിയുടേയോ ശരിയായ രക്ഷയും രക്ഷാകർത്തൃത്വവും വിദ്യാഭ്യാസവും പരിശീലനവും വൈദ്യചികിൽസയും മാനസിക ചികിൽസയും സംബന്ധിച്ച നിദേശങ്ങളിൽ അധിഷ്ഠിതമായ വ്യവസ്ഥകൾ അടങ്ങിയ ബാണ്ടിൽ ഏർപ്പെടാൻ, ആവശ്യകവും പ്രായോഗികവും ആയിട്ടുള്ളിടത്ത്, ആവശ്യപ്പെടാവുന്നതും ആകുന്നു.

(5) (2)-ാം ഉപവകുപ്പിൻകീഴിൽ തന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ, മജിസ്ട്രേട്ട് അഞ്ചു മാന്യവ്യക്തികളുടെ വിവരപ്പട്ടിക വരുത്താവുന്നതും തന്നെ സഹായിക്കാൻ, പ്രായോഗികമാകുന്നിടത്ത്, അവരിൽ മൂന്നുപേർ സ്ത്രീകളായിരിക്കേണ്ടതും ഈ ആവശ്യത്തിന്, സ്ത്രീകളിലും പെൺകുട്ടികളിലുമുള്ള വ്യഭിചാര വ്യാപാരം തടയുന്ന രംഗത്ത് പരിചയമുള്ള സാമൂഹ്യക്ഷേമ പ്രവർത്തകരുടെ, പ്രത്യേകിച്ചും വനിതാ സാമൂഹ്യ പ്രവർത്തകരുടെ, ഒരു ലിസ്ററ് സൂക്ഷിക്കാവുന്നതും ആകുന്നു.

(6) (4)-ാം ഉപവകുപ്പിൻകീഴിൽ ചെയ്ത ഉത്തരവിനെതിരായുള്ള ഒരു അപ്പീൽ, സെഷൻസ് കോടതി മുമ്പാകെ ബോധിപ്പിക്കേണ്ടതും അങ്ങനെയുള്ള അപ്പീലിൻമേലുള്ള അതിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാകുന്നു.

**വേശ്യാലയം അടച്ചുപൂട്ടുന്നതും ആ പരിസരങ്ങളിൽ നിന്ന് കുറ്റക്കാരെ ഒഴിപ്പിക്കുന്നതും.**

18. (1) ഒരു മജിസ്ട്രേട്ടിന്, 7-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പരാമർശിച്ച ഏതെങ്കിലും പൊതുസ്ഥലത്തിന് ഇരുന്നൂറു മീററിനകത്തുള്ള ഏതെങ്കിലും വീടോ, മുറിയോ സ്ഥലമോ അതിന്റെ ഏതെങ്കിലും ഭാഗമോ ഏതെങ്കിലും ആൾ ഒരു വേശ്യാലയമായി നടത്തുകയോ ഉപയോഗിക്കുകയോ ചെയ്യുന്നെന്നോ അല്ലെങ്കിൽ വേശ്യകൾ അവരുടെ തൊഴിൽ നടത്തുന്നതിന് ഉപയോഗിച്ചുകൊണ്ടിരിക്കുന്നെന്നോ പോലീസിൽനിന്നോ മററു വിധത്തിലോ വിവരം ലഭിക്കുന്നതിൻമേൽ, അങ്ങനെയുള്ള വീടിന്റെയോ മുറിയുടേയോ സ്ഥലത്തിന്റെയോ ഭാഗത്തിന്റെയോ ഉടമസ്ഥനോ പാട്ടദായകനോ ജൻമിക്കോ അല്ലെങ്കിൽ ഉടമസ്ഥന്റെയോ പാട്ടദായകന്റെയോ ജൻമിയുടെയോ ഏജൻറിനോ അല്ലെങ്കിൽ അങ്ങനെയുള്ള വീടിന്റെയോ മുറിയുടെയോ സ്ഥലത്തിന്റെയോ ഭാഗത്തിന്റെയോ കുടിയാനോ, പാട്ടക്കാരനോ തൽക്കാല കൈവശക്കാരനോ അല്ലെങ്കിൽ അതിന്റെ ചാർജ്ജുള്ള മറേറതെങ്കിലും ആൾക്കോ അതു അനുചിതമായി ഉപയോഗിച്ചതിന് ജപ്തി ചെയ്യാതിരിക്കാൻ, നോട്ടീസ് ലഭിച്ച് ഏഴു ദിവസത്തിനകം, കാരണം കാണിക്കാൻ നോട്ടീസ് നൽകാവുന്നതും ; ബന്ധപ്പെട്ട ആൾക്ക് പറയാനുള്ളതു കേട്ടതിനുശേഷം, ആ വീടോ, മുറിയോ, സ്ഥലമോ ഭാഗമോ ഒരു വേശ്യാലയമായോ വേശ്യാവൃത്തി നടത്തുന്നതിനോ ഉപയോഗിക്കുകയാണെന്ന് മജിസ്ട്രേട്ടിന് ബോദ്ധ്യപ്പെടുകയാണെങ്കിൽ, മജിസ്ട്രേട്ടിന്—

(ക) ഉത്തരവ് പാസ്സാക്കി ഏഴു ദിവസത്തിനകം ആ വീട്ടിലോ മുറിയിലോ, സ്ഥലത്തിലോ ഭാഗത്തിലോ നിന്ന് തൽക്കാല കൈവശക്കാരനെ ഒഴിപ്പിക്കാൻ നിർദ്ദേശിച്ചുകൊണ്ടും ;

(ഖ) ഉത്തരവു പാസ്സാക്കിയതിനുശേഷം തൊട്ടടുത്ത ഒരു വർഷക്കാലത്തിനിടയിൽ അത് വാടകയ്ക്ക് കൊടുക്കുന്നതിനു മുൻപ് ഉടമസ്ഥനോ പാട്ടദായകനോ, ജൻമിയോ അല്ലെങ്കിൽ ഉടമസ്ഥൻെറയോ പാട്ടദായകൻേറയോ ജൻമിയുടെയോ ഏജൻേറാ, മജിസ്ട്രേററിൻെറ മുൻകൂട്ടിയുള്ള അംഗീകാരം വാങ്ങേണ്ടതാണെന്ന് നിദേശിച്ചുകൊണ്ടും ;

ഉത്തരവുകൾ പാസ്സാക്കാവുന്നതാണ്:

എന്നാൽ ഉടമസ്ഥനോ പാട്ടദായകനോ, ജൻമിയോ, കൂടാതെ ഉടമസ്ഥൻെറയോ, പാട്ടദായകൻെറയോ, ജൻമിയുടെയോ ഏജൻേറാ, ആ വിടിൻെറയോ മുറിയുടെയോ, സ്ഥലത്തിൻെറയോ, ഭാഗത്തിൻെറയോ അനുചിതമായ ഉപയോഗത്തിൽ നിരപരാധികളായിരുന്നെന്ന് മജിസ്ട്രേററ് കാണുകയാണെങ്കിൽ അയാൾക്ക്, അത് അനുചിതമായി ഉപയോഗിക്കുന്നതിന് അനുവദിക്കുന്ന ആൾക്കോ അയാളുടെ ഗുണത്തിനോ ആ വീടോ, മുറിയോ, സ്ഥലമോ, ഭാഗമോ, പാട്ടം കൊടുക്കുകയോ മററു വിധത്തിൽ കൈവശം കൊടുക്കുകയോ ചെയ്യാൻ പാടില്ലെന്നുള്ള നിർദ്ദേശത്തോടുകൂടി ഉടമസ്ഥനോ, പാട്ടദായകനോ ജൻമിക്കോ, ഉടമസ്ഥൻെറയോ, പാട്ടദായകൻെറയോ ജൻമിയുടെയോ ഏജൻറിനോ തിരിയെ കൊടുപ്പിക്കാവുന്നതാണ്.

(2) 3-ാം വകുപ്പിൻെറയോ 7-ാം വകുപ്പിൻെറയോ കീഴിലുള്ള ഏതെങ്കിലും കുററത്തിന് ഒരാളെ കുററസ്ഥാപനം ചെയ്യുന്ന ഒരു കോടതിക്ക് (1)-ാം ഉപവകുപ്പിൻകീഴിൽ, ആ ഉപവകുപ്പിൽ ആവശ്യപ്പെട്ട പ്രകാരം കാരണം കാണിക്കാൻ അങ്ങനെയുള്ള ആൾക്ക് വീണ്ടും നോട്ടീസ് നൽകാതെ, ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പിൻേറയോ (2)-ാം ഉപവകുപ്പിൻേറയോ കീഴിൽ മജിസ്ട്രേട്ടോ കോടതിയോ പാസ്സാക്കിയ ഉത്തരവുകൾ, അപ്പീലിനു വിധേയമായിരിക്കുന്നതല്ലാത്തതും സിവിലോ ക്രിമിനലോ ആയ ഏതെങ്കിലും കോടതിയുടെ ഉത്തരവു മുഖേന നിറുത്തിവയ്ക്കുകയോ അസ്ഥിരപ്പെടുത്തുകയോ ചെയ്യാൻ പാടില്ലാത്തതും, മേല്പറഞ്ഞ ഉത്തരവുകൾ ഒരു വർഷം കഴിഞ്ഞശേഷം സാധുതയില്ലാതായിത്തീരുന്നതുമാകുന്നു:

എന്നാൽ 3-ാം വകുപ്പിൻേറയോ 7-ാം വകുപ്പിൻേറയോ കീഴിലുള്ള ഒരു കുററസ്ഥാപനം, അങ്ങനെയുള്ള വീടോ, മുറിയോ, സ്ഥലമോ അല്ലെങ്കിൽ അതിൻെറ ഏതെങ്കിലും ഭാഗമോ ഒരു വേശ്യാലയമായി നടത്തുകയോ ഉപയോഗിക്കുകയോ ചെയ്യുന്നില്ലെന്നോ അല്ലെങ്കിൽ വേശ്യകൾ അവരുടെ തൊഴിൽ നടത്തുന്നതിന് ഉപയോഗിക്കുന്നില്ലെന്നോ ഉള്ള കാരണത്താൽ, അപ്പീലിൽ അസ്ഥിരപ്പെടുത്തുന്നിടത്ത്, (1)-ാം ഉപവകുപ്പിൻ കീഴിൽ വിചാരണ ചെയ്യുന്ന കോടതി പാസ്സാക്കിയ ഏതൊരു ഉത്തരവും അസ്ഥിരപ്പെടുത്തേണ്ടതാകുന്നു.

(4) തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, (1)-ാം ഉപവകുപ്പിൻകീഴിൽ ഒരു മജിസ്ട്രേററു ഒരു ഉത്തരവു പാസ്സാക്കുകയോ അല്ലെങ്കിൽ (2)-ാം ഉപവകുപ്പിൻകീഴിൽ കോടതി ഒരു ഉത്തരവു പാസ്സാക്കുകയോ ചെയ്യുമ്പോൾ, ആ സമയത്ത് ഏതു പാട്ടമോ കരാറോ അനുസരിച്ചാണോ ആ വീടോ മുറിയോ സ്ഥലമോ അല്ലെങ്കിൽ ഭാഗമോ തൽക്കാലം കൈവശം വച്ചിരിക്കുന്നത്, ആ പാട്ടമോ കരാറോ ശൂന്യവും പ്രവർത്തനരഹിതവും ആയിത്തീരുന്നതാണ്.

(5) ഉടമസ്ഥനോ, പാട്ടദായകനോ, ജൻമിയോ അല്ലെങ്കിൽ അങ്ങനെയുള്ള ഉടമസ്ഥൻെറയോ പാട്ടദായകൻെറയോ ജൻമിയുടെയോ ഏജൻേറാ (1)-ാം ഉപവകുപ്പു (ഖ) ഖണ്ഡത്തിൻകീഴിൽ നൽകിയ ഒരു നിദേശം അനുസരിക്കാതിരിക്കുമ്പോൾ അയാൾ അഞ്ഞൂറു രൂപയോളമാകാവുന്ന പിഴ നൽകി ശിക്ഷിക്കപ്പെടുകയും, അല്ലെങ്കിൽ അയാൾ ആ ഉപവകുപ്പിൻെറ പരിമിതിവ്യവസ്ഥയുടെ കീഴിലുള്ള ഒരു നിദേശം അനുസരിക്കാതിരിക്കുമ്പോൾ, അതതു സംഗതിപോലെ, അയാൾ 3-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിൻെറയോ 7-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഗ) ഖണ്ഡത്തിൻെറയോ കീഴിലുള്ള ഒരു കുററം ചെയ്തിട്ടുള്ളതായി കരുതപ്പെടുകയും അതനുസരിച്ച് ശിക്ഷിക്കപ്പെടുകയും ചെയ്യേണ്ടതാണ്.

**ഒരു സംരക്ഷണാലയത്തിൽ സൂക്ഷിക്കുന്നതിനോ കോടതി രക്ഷയും സംരക്ഷണവും നൽകുന്നതിനോ ഉള്ള അപേക്ഷ.**

19. (1) വ്യഭിചാരം നടത്തുകയോ അവളെക്കൊണ്ട് നടത്തിക്കുകയോ ചെയ്യുന്ന ഒരു സ്ത്രീക്കോ പെൺകുട്ടിക്കോ ഏതു മജിസ്ട്രേററിൻെറ അധികാരിതാതിർത്തിക്കുള്ളിലാണോ അവൾ വ്യഭിചാരം നടത്തുകയോ അല്ലെങ്കിൽ അവളെക്കൊണ്ട് നടത്തിക്കുകയോ ചെയുന്നത് ആ മജിസ്ട്രേററിന്,

(ക) അവളെ ഒരു സംരക്ഷണാലയത്തിൽ സൂക്ഷിക്കുകയോ; അല്ലെങ്കിൽ

(ഖ) അവൾക്ക് (3)-ാം ഉപവകുപ്പിൽ വിനിർദ്ദേശിക്കാവുന്ന രീതിയിൽ കോടതി രക്ഷയും സംരക്ഷണവും നൽകുകയോ ചെയ്യണമെന്നുള്ള ഒരു ഉത്തരവിന്, ഒരു അപേക്ഷ ബോധിപ്പിക്കാവുന്നതാണ്.

(2) മജിസ്ട്രേററിന്, (3)-ാം ഉപവകുപ്പിൻകീഴിലുള്ള അന്വേഷണം വിചാരണ തീർപ്പു ചെയ്യുന്നതുവരെ, സംഗതിയുടെ പരിതഃസ്ഥിതികൾ പരിഗണിച്ച്, അയാൾ ഉചിതമെന്നു കരുതുന്ന കസ്ററഡിയിൽ സ്ത്രീയേയോ പെൺകുട്ടിയേയോ സൂക്ഷിക്കുന്നതിന് നിദേശിക്കാവുന്നതാണ്.

(3) മജിസ്ട്രേററ്, അപേക്ഷകയ്ക്ക് പറയാനുള്ളത് കേൾക്കുകയും, അപേക്ഷകയുടെ വ്യക്തിത്വവും, വീട്ടിലെ സ്ഥിതികളും അപേക്ഷകയ്ക്ക് പുനരധിവാസത്തിനുള്ള സാദ്ധ്യതകളും സംബന്ധിച്ച്, കുററക്കാരുടെ പരീക്ഷണ കാല ആക്ററ്, 1958 -ൻെറ കീഴിൽ നിയമിച്ച ഒരു പ്രൊബേഷൻ ഉദ്യോഗസ്ഥൻ നടത്തുന്ന അന്വേഷണ വിചാരണ ഉൾപ്പെടെ ആവശ്യകമെന്നു താൻ കരുതുന്ന അന്വേഷണ വിചാരണ നടത്തുകയും ചെയ്തശേഷം, ഈ വകുപ്പിൻ കീഴിൽ ഒരു ഉത്തരവു ചെയ്യേണ്ടതാണെന്ന് ബോദ്ധ്യമാവുകയാണെങ്കിൽ, അയാൾ 1958-ലെ 20
രേഖപ്പെടുത്തേണ്ട കാരണങ്ങളാൽ, അപേക്ഷകയെ —

(i) ഒരു സംരക്ഷണാലയത്തിലോ, അല്ലെങ്കിൽ

(ii) ദുർഗുണ പരിഹാരസ്ഥാപനത്തിലോ, അല്ലെങ്കിൽ

(iii) മജിസ്ട്രേററു നിയമിക്കുന്ന ആളിൻെറ മേൽനോട്ടത്തിൻ കീഴിലോ, ഉത്തരവിൽ വിനിർദ്ദേശിക്കാവുന്ന കാലത്തേയ്ക്ക് സൂക്ഷിക്കേണ്ടതാണെന്ന് ഉത്തരവു ചെയ്യേണ്ടതാണ്.

**ഏതെങ്കിലും സ്ഥലത്തു നിന്ന് വേശ്യയെ നീക്കം ചെയ്യൽ.**

20. (1) ഒരു മജിസ്ട്രേററിൻെറ അധികാരിതയുടെ അതിർത്തിക്കുള്ളിൽ ഏതെങ്കിലും സ്ഥലത്ത് താമസിക്കുകയോ കൂടെക്കൂടെ ചെല്ലുകയോ ചെയ്യുന്ന ഏതെങ്കിലും സ്ത്രീയോ പെൺകുട്ടിയോ ഒരു വേശ്യയാണെന്ന് തനിക്ക് വിവരം ലഭിക്കുന്നതിൻമേൽ, കിട്ടിയ വിവരത്തിൻെറ സാരം രേഖപ്പെടുത്തുകയും, അങ്ങനെയുള്ള സ്ത്രീക്കോ പെൺകുട്ടിക്കോ, ആ മജിസ്ട്രേററിൻെറ മുമ്പിൽ ഹാജരാകാനും, ആ സ്ഥലത്തുനിന്ന് സ്വയം മാറിപ്പോകാൻ അവളോട് ആവശ്യപ്പെടുകയും അവിടെ വീണ്ടും പ്രവേശിക്കുന്നതിൽനിന്ന് വിലക്കുകയും ചെയ്യാതിരിക്കാനുള്ള കാരണം കാണിക്കാനും ആവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് കൊടുക്കുകയും ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ നൽകിയ ഏതൊരു നോട്ടീസും മേൽ പറഞ്ഞ റിക്കാർഡിൻെറ ഒരു പകർപ്പോടുകൂടി അയക്കേണ്ടതും, ആ പകർപ്പ്, ആർക്കെതിരായാണോ നോട്ടീസ് നൽകിയത് ആ സ്ത്രീക്കോ പെൺകുട്ടിക്കോ നോട്ടീസ്സിനോടുകൂടി നടത്തേണ്ടതുമാകുന്നു.

(3) മജിസ്ട്രേററ് (2)-ാം ഉപവകുപ്പിൽ പരാമർശിച്ച നോട്ടീസ് നടത്തിയതിനുശേഷം, ലഭിച്ച വിവരത്തിൻെറ സത്യാവസ്ഥയെപ്പററി അന്വേഷണം തുടരേണ്ടതും, സ്ത്രീക്കോ പെൺകുട്ടിക്കോ തെളിവു നൽകാൻ ഒരവസരം നൽകിയതിനുശേഷം, അയാൾ യുക്തമെന്നു കരുതുന്ന കൂടുതൽ തെളിവ് എടുക്കേണ്ടതും, അങ്ങനെയുള്ള അന്വേഷണത്തിൻമേൽ അങ്ങനെയുള്ള സ്ത്രീയോ പെൺകുട്ടിയോ ഒരു വേശ്യയാണെന്നും പൊതുജന താൽപ്പര്യത്തിൽ അങ്ങനെയുള്ള സ്ത്രീയോ പെൺകുട്ടിയോ സ്വയം അവിടെ നിന്ന് മാറിപ്പോകാൻ ആവശ്യപ്പെടുകയും അവിടെ വീണ്ടും പ്രവേശിക്കുന്നതിൽനിന്നു നിരോധിക്കുകയും ചെയ്യേണ്ടത് ആവശ്യമാണെന്നും അയാൾക്ക് തോന്നുകയാണെങ്കിൽ മജിസ്ട്രേററ്, സ്ത്രീക്കോ പെൺകുട്ടിക്കോ ലിഖിതമായ ഉത്തരവുവഴി അതിൽ വിനിർദ്ദേശിക്കുന്ന രീതിയിൽ ഉത്തരവിൻെറ തീയതി മുതൽ ഏഴു ദിവസത്തിൽ കുറയാതെ ഉത്തരവിൽ വിനിർദ്ദേശിക്കുന്ന തീയതിക്കുശേഷം ആ സ്ഥലത്ത് നിന്ന്, തൻെറ അധികാരിതയുടെ അതിർത്തിക്കകത്തോ പുറത്തോ ആയാലും, ഉത്തരവിൽ വിനിർദ്ദേശിക്കാവുന്ന സ്ഥലത്തേയ്ക്ക് അങ്ങനെയുള്ള വഴിയിലോ വഴികളിലോ കൂടിയും അങ്ങനെയുള്ള സമയത്തിനകത്തും സ്വയം മാറിപ്പോകാൻ അവളോട് ആവശ്യപ്പെടുകയും കൂടാതെ അങ്ങനെയുള്ള സ്ഥലത്ത് അധികാരിതയുള്ള മജിസ്ട്രേററിൻെറ ലിഖിതമായ അനുവാദം കൂടാതെ ആ സ്ഥലത്ത് വീണ്ടും പ്രവേശിക്കുന്നതിൽ നിന്ന് നിരോധിക്കുകയും ചെയ്യേണ്ടതുമാകുന്നു.

(4) (ക) ഏതൊരാളാണോ ഈ വകുപ്പിൻകീഴിൽ നൽകിയ ഒരു ഉത്തരവ്, അതിൽ വിനിർദ്ദേശിക്കുന്ന കാലാവധിക്കകത്ത്, അനുസരിക്കാതിരിക്കുകയോ, അനുവാദം കൂടാതെ ഒരു സ്ഥലത്ത് വീണ്ടും പ്രവേശിക്കുന്നതിൽ നിന്ന് അവളെ നിരോധിക്കുന്ന ഒരു ഉത്തരവ് പ്രാബല്യത്തിലിരിക്കുമ്പോൾ, അങ്ങനെയുള്ള അനുവാദം കൂടാതെ ആ സ്ഥലത്ത് വീണ്ടും പ്രവേശിക്കുകയോ ; അല്ലെങ്കിൽ

(ഖ) ഈ വകുപ്പിൻകീഴിൽ ഏതെങ്കിലും സ്ത്രീയോടോ പെൺകുട്ടിയോടോ ആ സ്ഥലത്തുനിന്ന് സ്വയം മാറിപോകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും അവൾ അവിടെ വീണ്ടും പ്രവേശിക്കുന്നതിന് ആവശ്യകമായ അനുവാദം വാങ്ങിയിട്ടില്ലെന്നും അറിഞ്ഞുകൊണ്ട്, ആ സ്ഥലത്ത് അങ്ങനെയുള്ള സ്ത്രീയേയോ പെൺകുട്ടിയേയോ ഒളിവിൽ പാർപ്പിക്കുകയോ ഒളിച്ചുവയ്ക്കുകയോ ചെയ്യുന്നത്, അയാൾ ഇരുനൂറു രൂപയോളമാകാവുന്ന പിഴയും, ആ കുററം തുടരുന്ന സംഗതിയിൽ, ആ കുററത്തിൽ അവളോ അവനോ തുടരുന്ന ആദ്യത്തെ ദിവസത്തിനു ശേഷമുള്ള ഓരോ ദിവസത്തേയ്ക്കും ഇരുപതു രൂപയോളമാകാവുന്ന കൂടുതൽ പിഴയും നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

**സംരക്ഷണാലയങ്ങൾ.**

21. (1) സ്റേററ് ഗവൺമെൻറിന്, അതിൻെറ വിവേകത്തിൽ, ഈ ആക്ററിൻ കീഴിൽ അതിനു യുക്തമെന്നു തോന്നുന്നത്ര സംരക്ഷണാലയങ്ങളും ദുർഗുണ പരിഹാര സ്ഥാപനങ്ങളും സ്ഥാപിക്കാവുന്നതും അങ്ങനെയുള്ള ആലയങ്ങളും സ്ഥാപനങ്ങളും സ്ഥാപിക്കുമ്പോൾ, നിർണ്ണയിക്കപ്പെടാവുന്ന വിധത്തിൽ പരിപാലിച്ചു പോരേണ്ടതുമാണ്.

(2) യാതൊരാളോ അല്ലെങ്കിൽ സ്റ്റേറ്റ് ഗവൺമെന്റ് അല്ലാത്ത യാതൊരു അധികാരസ്ഥാനമോ, ഈ ആക്റ്റിന്റെ പ്രാരംഭത്തിനുശേഷം, സ്റ്റേറ്റു ഗവൺമെന്റ് ഈ വകുപ്പിൻകീഴിൽ നൽകിയ ഒരു ലൈസൻസിലെ വ്യവസ്ഥകൾക്കു കീഴിലും അവയനുസരിച്ചും അല്ലാതെ, ഏതെങ്കിലും സംരക്ഷണാലയവും ദുർഗുണപരിഹാരസ്ഥാപനവും സ്ഥാപിക്കുകയോ പരിപാലിച്ചു പോരുകയോ ചെയ്യാൻ പാടുള്ളതല്ല.

(3) സ്റ്റേറ്റ് ഗവൺമെന്റിന്, ഒരാളോ അധികാരസ്ഥാനമോ ഇതിലേയ്ക്ക് അതിന് സമർപ്പിക്കുന്ന അപേക്ഷയിൻമേൽ അങ്ങനെയുള്ള ആൾക്കോ അധികാരസ്ഥാനത്തിനോ ഒരു സംരക്ഷണാലയമോ ദുർഗുണപരിഹാരസ്ഥാപനമോ, അതതു സംഗതിപോലെ, സ്ഥാപിക്കുന്നതിനും പരിപാലിച്ചുപോരുന്നതിനുമോ അല്ലെങ്കിൽ പരിപാലിച്ചുപോരുന്നതിനോ, നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ ഒരു ലൈസൻസ് നൽകാവുന്നതും അങ്ങനെ നൽകിയ ഒരു ലൈസൻസിൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾക്കനുസൃതമായി ചുമത്താൻ സ്റ്റേറ്റ് ഗവൺമെന്റ് യുക്തമെന്ന് കരുതാവുന്ന വ്യവസ്ഥകൾ അടങ്ങിയിരിക്കാവുന്നതുമാണ്:

എന്നാൽ അങ്ങനെയുള്ള ഏതൊരു വ്യവസ്ഥയ്ക്കും സംരക്ഷണാലയത്തിന്റേയോ ദുർഗുണപരിഹാരസ്ഥാപനത്തിന്റെയോ നടത്തിപ്പ്, പ്രായോഗികമാവുന്നിടത്തെല്ലാം, സ്ത്രീകളെ ഏൽപ്പിക്കണമെന്ന് ആവശ്യപ്പെടാവുന്നതാണ്:

എന്നു മാത്രമല്ല ഈ ആക്റ്റിന്റെ പ്രാരംഭത്തിൽ ഏതെങ്കിലും സംരക്ഷണാലയം പരിപാലിച്ചു പോരുന്ന ഒരാൾക്കോ അധികാരസ്ഥാനത്തിനോ അങ്ങനെയുള്ള ലൈസൻസിന് അപേക്ഷ സമർപ്പിക്കാൻ അങ്ങനെയുള്ള പ്രാരംഭം മുതൽ ആറു മാസക്കാലം അനുവദിക്കേണ്ടതാണ്:

എന്നുതന്നെയുമല്ല സ്ത്രീകളിലും പെൺകുട്ടികളിലുമുള്ള വ്യഭിചാരവ്യാപാരം തടയൽ (ഭേദഗതി) ആക്റ്റ്, 1978-ന്റെ പ്രാരംഭത്തിൽ ഏതെങ്കിലും ദുർഗുണ പരിഹാര സ്ഥാപനം നടത്തിപ്പോരുന്ന ഒരാൾക്കോ അധികാരസ്ഥാനത്തിനോ അങ്ങനെയുള്ള പ്രാരംഭം മുതൽ അങ്ങനെയുള്ള ലൈസൻസിനുള്ള ഒരു അപേക്ഷ കൊടുക്കുന്നതിന് ആറുമാസക്കാലം അനുവദിക്കേണ്ടതാകുന്നു.

(4) ഒരു ലൈസൻസ് നൽകുന്നതിന് മുൻപ്, സ്റ്റേറ്റു ഗവൺമെന്റിന്, ഈ ആവശ്യത്തിന് അത് നിയമിക്കാവുന്ന ഉദ്യോഗസ്ഥനോടോ അധികാരസ്ഥാനത്തോടോ, ഇതിലേയ്ക്ക് ലഭിച്ച അപേക്ഷ സംബന്ധിച്ച് വിശദവും പൂർണ്ണവുമായ ഒരന്വേഷണം നടത്താനും അങ്ങനെയുള്ള അന്വേഷണത്തിന്റെ ഫലം അതിനു റിപ്പോർട്ടു ചെയ്യാനും ആവശ്യപ്പെടാവുന്നതും അങ്ങനെയുള്ള ഏതെങ്കിലും അന്വേഷണം നടത്തുന്നതിൽ ആ ഉദ്യോഗസ്ഥനോ അധികാരസ്ഥാനമോ നിർണ്ണയിക്കപ്പെടാവുന്ന നടപടി അനുവർത്തിക്കേണ്ടതുമാകുന്നു,

(5) ഒരു ലൈസൻസ്, വേഗം പിൻവലിക്കാത്തപക്ഷം, ലൈസൻസിൽ വിനിർദ്ദേശിക്കാവുന്ന കാലത്തേയ്ക്ക് പ്രാബല്യത്തിലിരിക്കുന്നതും, അത് അവസാനിക്കുന്ന തീയതിക്ക് കുറഞ്ഞത് മുപ്പതു ദിവസത്തിനു മുമ്പ് ഇതിലേയ്ക്ക് സമർപ്പിക്കുന്ന അപേക്ഷയിൻമേൽ, അതേപോലുള്ള കാലത്തേയ്ക്ക് പുതുക്കാവുന്നതുമാകുന്നു.

(6) ഈ ആക്റ്റിൻകീഴിൽ നൽകിയതോ അല്ലെങ്കിൽ പുതുക്കിയതോ ആയ യാതൊരു ലൈസൻസും കൈമാറ്റം ചെയ്യപ്പെടാൻ പാടുള്ളതല്ല.

(7) ഈ ആക്റ്റിൻകീഴിൽ ലൈസൻസ് നൽകിയിട്ടുള്ള ഏതെങ്കിലും ആളോ അധികാരസ്ഥാനമോ അല്ലെങ്കിൽ അങ്ങനെയുള്ള ആളിന്റേയോ അധികാരസ്ഥാനത്തിന്റേയോ ഏതെങ്കിലും ഏജന്റോ ഭൃത്യനോ അതിലെ വ്യവസ്ഥകളിൽ ഏതെങ്കിലുമോ ഈ ആക്റ്റിലെ വ്യവസ്ഥകളിൽ ഏതെങ്കിലുമോ അല്ലെങ്കിൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങളിൽ ഏതെങ്കിലുമോ ലംഘിക്കുന്നിടത്തോ, അല്ലെങ്കിൽ സ്റ്റേറ്റ് ഗവൺമെന്റിന് ഏതെങ്കിലും സംരക്ഷണാലയത്തിന്റേയോ ദുർഗുണപരിഹാരസ്ഥാപനത്തിന്റെയോ അവസ്ഥയോ, നടത്തിപ്പോ, മേൽനോട്ടമോ തൃപ്തികരമാകാത്തിടത്തോ, സ്റ്റേറ്റ് ഗവൺമെന്റിന്, ഈ ആക്റ്റിൻകീഴിൽ നേരിട്ടേക്കാവുന്ന മറ്റേതെങ്കിലും ദണ്ഡനത്തിന് ഭംഗംവരാതെ രേഖപ്പെടുത്തേണ്ട കാരണങ്ങളാൽ ലിഖിതമായ ഉത്തരവുവഴി ലൈസൻസു പിൻവലിക്കാവുന്നതാണ്:

എന്നാൽ അങ്ങനെയുള്ള യാതൊരു ഉത്തരവും, ആ ലൈസൻസ് പിൻവലിക്കാതിരിക്കുന്നതിന് കാരണം കാണിക്കാൻ ലൈസൻസിന്റെ കൈവശക്കാരന് ഒരവസരം കൊടുക്കുന്നതുവരെ, പുറപ്പെടുവിക്കാൻപാടുള്ളതല്ല.

(8) ഒരു സംരക്ഷണാലയമോ ദുർഗുണപരിഹാര സ്ഥാപനമോ സംബന്ധിച്ചുള്ള ലൈസൻസു മുൻപറഞ്ഞ ഉപവകുപ്പിൻകീഴിൽ പിൻവലിച്ചിട്ടുള്ളിടത്ത് അങ്ങനെയുള്ള സംരക്ഷണാലയം അങ്ങനെ പിൻവലിച്ച തീയതി മുതൽ പ്രവർത്തനരഹിതമാകുന്നതാണ്.

(9) ഈ ആവശ്യത്തിന് ഉണ്ടാക്കാവുന്ന ഏതെങ്കിലും ചട്ടങ്ങൾക്കു വിധേയമായി, സ്റ്റേറ്റ് ഗവൺമെന്റിന്, ഈ ആക്റ്റിൻകീഴിൽ നൽകിയതോ പുതുക്കിയതോ ആയ ഏതെങ്കിലും ലൈസൻസ് വ്യത്യാസപ്പെടുത്തുകയോ ഭേദഗതി ചെയ്യുകയോ കൂടി ചെയ്യാവുന്നതാണ്.

(9ക) സ്റ്റേറ്റു ഗവൺമെൻറിനോ അല്ലെങ്കിൽ അത് ഇതിലേയ്ക്ക് അധികാരപ്പെടുത്തുന്ന അധികാരസ്ഥനോ, ഇതിലേയ്ക്ക് ഉണ്ടാക്കാവുന്ന ഏതെങ്കിലും ചട്ടങ്ങൾക്ക് വിധേയമായി, സ്ഥലം മാറേറണ്ട ആളിൻെറ നടത്തയും അയാൾക്ക് നൽകേണ്ട പരിശീലനത്തിൻെറ തരവും സംഗതിയുടെ മററു പരിതഃസ്ഥിതികളും പരിഗണിച്ചു, അങ്ങനെയുള്ള സ്ഥലംമാററം അഭിലഷണീയമെന്നു കരുതുന്നിടത്ത്, ഒരു സംരക്ഷാലയത്തിലെ അന്തേവാസിയെ മറെറാരു സംരക്ഷണാലയത്തിലേക്കോ ഒരു ദുർഗുണ പരിഹാരസ്ഥാപനത്തിലേയ്ക്കോ അല്ലെങ്കിൽ ഒരു ദുർഗുണ പരിഹാര സ്ഥാപനത്തിലെ അന്തേവാസിയെ മറെറാരു ദുർഗുണ പരിഹാരസ്ഥാപനത്തിലേയ്ക്കോ ഒരു സംരക്ഷണാലയത്തിലേയ്ക്കോ സ്ഥലംമാററാവുന്നതാകുന്നു:

എന്നാൽ—

(ക) ഈ ഉപവകുപ്പിൻകീഴിൽ സ്ഥലം മാററപ്പെട്ട സ്ത്രീയോടോ പെൺകുട്ടിയോടോ ഏത് ആലയത്തിലോ സ്ഥാപനത്തിലോ നിന്നാണോ അവളെ സ്ഥലം മാററപ്പെട്ടത് അവിടെ അവളോടു ആവശ്യപ്പെട്ടതിൽ കൂടുതൽ കാലം അവളെ സ്ഥലം മാററപ്പെട്ട ആലയത്തിലോ സ്ഥാപനത്തിലോ, താമസിക്കാൻ ആവശ്യപ്പെടാൻ പാടുള്ളതല്ല.

(ഖ) ഈ ഉപവകുപ്പിൻകീഴിലുള്ള ഏതൊരു സ്ഥലംമാററ ഉത്തരവിനുമുള്ള കാരണങ്ങൾ രേഖപ്പെടുത്തേണ്ടതാകുന്നു.

(10) ഈ വകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ ഒരു സംരക്ഷണാലയമോ ദുർഗുണപരിഹാരസ്ഥാപനമോ സ്ഥാപിക്കുകയോ പരിപാലിച്ചുപോരുകയോ ചെയ്യുന്ന ഏതൊരാളും ആദ്യ കുററത്തിൻെറ സംഗതിയിൽ, ആയിരം രൂപയോളമാകാവുന്ന പിഴയും രണ്ടാമത്തെതോ, അതിനുശേഷമുള്ളതോ ആയ കുററത്തിൻെറ സംഗതിയിൽ, ഒരു വർഷത്തോളമാകാവുന്ന കാലത്തേയ്ക്കുള്ള തടവോ അല്ലെങ്കിൽ രണ്ടായിരം രൂപയോളമാകാവുന്ന പിഴയോ, അല്ലെങ്കിൽ രണ്ടും കൂടെയോ നൽകിയും ശിക്ഷിക്കപ്പെടുന്നതാണ്.

22. ഒരു മഹാനഗര മജിസ്ട്രേററിനോ ഒന്നാംക്ലാസ് ജുഡീഷ്യൽ മജിസ്ട്രേററിനോ താഴെയുള്ള യാതൊരു കോടതിയും, 3-ാം വകുപ്പിൻേറയോ, 4-ാം വകുപ്പിൻേറയോ 5-ാം വകുപ്പിൻേറയോ, 6-ാം വകുപ്പിൻേറയോ, 7-ാം വകുപ്പിൻേറയോ, 8-ാം വകുപ്പിൻേറയോ കീഴിലുള്ള ഏതെങ്കിലും കുററം വിചാരണ ചെയ്യുവാൻ പാടുള്ളതല്ല. വിചാരണകൾ

22ക. (1) ഏതെങ്കിലും ജില്ലയിലോ മററു നഗരപ്രദേശത്തോ ഈ ആക്ററിൻ കീഴിലുള്ള കുററങ്ങൾ പെട്ടെന്ന് വിചാരണ ചെയ്യാൻ വ്യവസ്ഥ ചെയ്യുന്നതു ആവശ്യകമാണെന്നു സ്റ്റേററ് ഗവൺമെൻറിനു ബോദ്ധ്യമാവുകയാണെങ്കിൽ, അതിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴിയും ഹൈക്കോടതിയുമായി ആലോചിച്ചശേഷവും അങ്ങനെയുള്ള ജില്ലയിലോ മഹാനഗരപ്രദേശത്തോ അതതു സംഗതിപോലെ ഒന്നാംക്ലാസ് ജുഡീഷ്യൽ മജിസ്ട്രേററുമാരുടേയോ മഹാനഗര മജിസ്ട്രേററുമാരുടേയോ ഒന്നോ അതിൽ കൂടുതലോ കോടതികൾ സ്ഥാപിക്കാവുന്നതാകുന്നു. പ്രത്യേകകോടതികൾ സ്ഥാപിക്കാനുള്ള അധികാരം.

(2) ഹൈക്കോടതി മററുവിധത്തിൽ നിദേശിക്കാത്ത പക്ഷം, (1)-ാം ഉപവകുപ്പിൻകീഴിൽ സ്ഥാപിക്കപ്പെട്ട ഒരു കോടതി ഈ ആക്ററിൻകീഴിലുള്ള കേസുകൾ സംബന്ധിച്ചുമാത്രം അധികാരിത പ്രയോഗിക്കേണ്ടതാകുന്നു.

(3) (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി ഏതെങ്കിലും ജില്ലയിലോ മഹാനഗരപ്രദേശത്തോ (1)-ാം ഉപവകുപ്പിൻകീഴിൽ സ്ഥാപിക്കപ്പെട്ട കോടതിയിൽ അദ്ധ്യക്ഷനായിരിക്കുന്ന ഉദ്യോഗസ്ഥൻെറ അധികാരിതയും അധികാരങ്ങളും അതതു സംഗതിപോലെ ജില്ലയോ മഹാനഗരപ്രദേശമോ ഒട്ടാകെ വ്യാപിക്കുന്നതാകുന്നു.

(4) ഈ വകുപ്പിലെ മുൻപറഞ്ഞ വ്യവസ്ഥകൾക്ക് വിധേയമായി, ഏതെങ്കിലും ജില്ലയിലോ മഹാനഗരപ്രദേശത്തോ (1)-ാം ഉപവകുപ്പിൻകീഴിൽ സ്ഥാപിക്കപ്പെട്ട ഒരു കോടതിയെ, അതതു സംഗതിപോലെ 11-ാം വകുപ്പു (1)-ാം ഉപവകുപ്പിൻേറയോ, ക്രിമിനൽ നടപടി നിയമസംഹിത, 1973 16-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻേറയോ കീഴിൽ സ്ഥാപിക്കപ്പെട്ട ഒരു കോടതിയായി കരുതേണ്ടതും അതനുസരിച്ചു ആ നിയമ സംഹിതയിലെ വ്യവസ്ഥകൾ അങ്ങനെയുള്ള കോടതികൾ സംബന്ധിച്ച് ബാധകമാകുന്നതുമാകുന്നു. 1974-ലെ 2

വിശദീകരണം.—ഈ വകുപ്പിൽ, ഹൈക്കോടതിക്ക് ക്രിമിനൽ നടപടി നിയമസംഹിത, 1973 2-ാം വകുപ്പു (ഠ) ഖണ്ഡത്തിലുള്ള അതേ അർത്ഥംഉണ്ടായിരിക്കുന്നതാണ്. (1974-ലെ 2)

22ഖ. ക്രിമിനൽ നടപടി നിയമസംഹിത, 1973-ൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സ്റ്റേററു ഗവൺമെൻറ്, അപ്രകാരം ചെയ്യേണ്ടതു ആവശ്യകമെന്നു കരുതുകയാണെങ്കിൽ, ഈ ആക്ററിൻകീഴിലുള്ള കുററങ്ങൾ, [22ക (1)-ാം ഉപവകുപ്പിൻകീഴിൽ സ്ഥാപിക്കപ്പെട്ടകോടതിയിലെ അദ്ധ്യക്ഷനായ ഉദ്യോഗസ്ഥൻ ഉൾപ്പെടെയുള്ള] മജിസ്ട്രേററിന്, സമരിയായി വിചാരണ ചെയ്യേണ്ടതാണെന്നു നിദേശിക്കാവുന്നതും 262 മുതൽ 266 വരെ (രണ്ടും ഉൾപ്പെടെയുള്ള) മേൽപറഞ്ഞ നിയമസംഹിതയിലെ വ്യവസ്ഥകൾ, ആകാവുന്നിടത്തോളം, അങ്ങനെയുള്ള വിചാരണയ്ക്ക് ബാധകമാകുന്നതും ആകുന്നു: കേസുകൾ സമരിയായിവിചാരണചെയ്യുന്നതിനു കോടതിക്കുള്ളഅധികാരം. (1974-ലെ 2)

എന്നാൽ ഈ വകുപ്പിൻകീഴിലുള്ള സമരിയായ വിചാരണയിലുള്ള ഏതെങ്കിലും കുററസ്ഥാപന സംഗതിയിൽ, ഒരു വർഷത്തിൽ കവിയാത്ത കാലത്തേയ്ക്കുള്ള തടവുശിക്ഷാവിധി മജിസ്ട്രേററു പാസ്സാക്കുന്നത് നിയമാനുസൃതമായിരിക്കുന്നതാണ്:

എന്നുമാത്രമല്ല ഈ വകുപ്പിൻകീഴിലുള്ള സമരിയായ വിചാരണയുടെ പ്രാരംഭത്തിലോ വിചാരണവേളയിലോ, ഒരു വർഷത്തിൽ കവിഞ്ഞ കാലത്തേയ്ക്കുള്ള തടവുശിക്ഷാവിധിപാസ്സാക്കേണ്ടതോ മറേറതെങ്കിലും കാരണത്താൽ, കേസ് സമരിയായി വിചാരണ ചെയ്യുന്നത് അഭിലഷണീയമല്ലാത്തതോ ആയ വിധത്തിലുള്ളതാണ് കേസിന്റെ സ്വഭാവമെന്ന് മജിസ്ട്രേററിന് തോന്നുമ്പോഴം മജിസ്ട്രേററ് കക്ഷികളെ കേട്ടശേഷം, ആ അർത്ഥത്തിലുള്ള ഒരു ഉത്തരവു രേഖപ്പെടുത്തേണ്ടതും അതിനു ശേഷം വിസ്തരിച്ചിട്ടുള്ള സാക്ഷിയെ വീണ്ടും വിളിക്കുകയും മേൽപറഞ്ഞ നിയമസംഹിതയിൽ വ്യവസ്ഥ ചെയ്യുന്ന രീതിയിൽ തുടർന്നു വാദം കേൾക്കുകയോ പുനർവാദം കേൾക്കുകയോ ചെയ്യേണ്ടതുമാകുന്നു.

**ചട്ടങ്ങൾ ഉണ്ടാക്കാനുള്ളഅധികാരം.**

23. (1) സ്റേററ് ഗവൺമെൻറിന് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി ഈ ആക്ററിന്റെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരങ്ങളുടെ സാമാന്യതയ്ക്ക് ഭംഗം കൂടാതെയും അങ്ങനെയുള്ള ചട്ടങ്ങൾക്ക്—

(ക) ഏതെങ്കിലും സ്ഥലത്തെ ഒരു പൊതുസ്ഥലമായി വിജ്ഞാപനം ചെയ്യുന്നതിനും;

(ഖ) സ്ത്രീകൾക്കോ പെൺകുട്ടികൾക്കോ വീടില്ലാത്തിടത്ത് 10-ാംവകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ വിട്ടയച്ചതോ അല്ലെങ്കിൽ 17-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ ഭദ്രമായ സൂക്ഷിപ്പിന് ഉത്തരവുകൾ പാസ്സാക്കിയിട്ടുള്ളതോ ആയ സ്ത്രീകളെയോ പെൺകുട്ടികളെയോ സൂക്ഷിപ്പിൽ വയ്ക്കുന്നതിനും അവരുടെ സംരക്ഷണത്തിനും;

(ഖഖ) ഒരു ദുർഗുണപരിഹാരസ്ഥാപനത്തിൽ നിന്നു 10ക വകുപ്പു (3)-ാം ഉപവകുപ്പിൻകീഴിൽ വിട്ടയക്കുന്നതിനും അങ്ങനെയുള്ള കുററക്കാരനു നൽകേണ്ട ലൈസൻസിന്റെ ഫാറത്തിനും;

(ഗ) ഈ ആക്ററിൻകീഴിൽ സ്ത്രീകളേയും പെൺകുട്ടികളേയും അതതു സംഗതിപോലെ സംരക്ഷണാലയങ്ങളിലോ ദുർഗുണപരിഹാരസ്ഥാപനങ്ങളിലോതടങ്കലിൽ വയ്ക്കുന്നതിനും സൂക്ഷിക്കുന്നതിനും അവരുടെ സംരക്ഷണത്തിനും;

(ഘ) വിട്ടയച്ച കുററവാളികളുടെ താമസസ്ഥലമോ താമസസ്ഥലത്തിന്റെ മാററമോ, അവിടെ നിന്നുള്ള അഭാവമോ സംബന്ധിച്ച് 11-ാം വകുപ്പിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനും;

(ങ) 13-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻ കീഴിൽ പ്രത്യേകപോലീസ് ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനുള്ളപ്രാധികാരം പ്രത്യായോജനം ചെയ്യുന്നതിനും;

(ച) 18-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രഭാവത്തിൽ കൊണ്ടുവരുന്നതിനും;

(ഛ) (i) 21-ാം വകുപ്പിൻകീഴിൽ സംരക്ഷണാലയങ്ങളും ദുർഗുണപരിഹാരസ്ഥാപനങ്ങളും സ്ഥാപിക്കുന്നതിനും, പരിപാലിച്ചു പോരുന്നതിനും, നടത്തുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും അങ്ങനെയുള്ള ആലയങ്ങളിലും സ്ഥാപനങ്ങളിലും നിയോജിച്ചിട്ടുള്ള ആളുകളുടെ നിയമനവും, അധികാരങ്ങളും, കർത്തവ്യങ്ങളും സംബന്ധിച്ചും;

(ii) ഒരു ലൈസൻസിന് അപേക്ഷിക്കുന്നതിനുള്ള അപേക്ഷാഫാറത്തിനും അങ്ങനെയുള്ള അപേക്ഷയിൽ അടങ്ങിയിരിക്കേണ്ട വിവരങ്ങൾക്കും;

(iii) ഒരു ലൈസൻസു നൽകുകയോ പുതുക്കുകയോ ചെയ്യുന്നതിനുള്ള നടപടിക്കും അങ്ങനെയുള്ള ലൈസൻസു നൽകുകയോ പുതുക്കുകയോ ചെയ്യുന്നതു ഏതു സമയത്തിനുള്ളിലാണെന്നുള്ളതിനും ഒരു ലൈസൻസിനുള്ള അപേക്ഷ സംബന്ധിച്ച വിശദവും പൂർണ്ണവുമായ അന്വേഷണം നടത്തുന്നതിൽ അനുവർത്തിക്കേണ്ട നടപടിക്രമത്തിനും;

(iv) ഒരു ലൈസൻസിനുള്ള ഫാറത്തിനും അതിൽ വിനിർദ്ദേശിക്കേണ്ട വ്യവസ്ഥകൾക്കും;

(v) ഒരു സംരക്ഷണാലയത്തിന്റേയും ദുർഗുണപരിഹാര സ്ഥാപനത്തിന്റേയും കണക്കുകൾ വച്ചുപോരുകയും ആഡിററു ചെയ്യുകയും ചെയ്യേണ്ട രീതിക്കും;

(vi) ലൈസൻസുകാരുടെരജിസ്ററുകളും അവരുടെസ്റേററുമെൻറുകളും വച്ചുപോരുന്നതിനും അങ്ങനെയുള്ള രജിസ്ററുകളുടേയും സ്റേററുമെൻറുകളുടേയും ഫാറത്തിനും;

(vii) സംരക്ഷണാലയത്തിലേയും ദുർഗുണപരിഹാര സ്ഥാപനത്തിലേയും അന്തേവാസികളുടെ പരിരക്ഷണത്തിനും പെരുമാററത്തിനും, സംരക്ഷണത്തിനും, പരിശീലനത്തിനും, ബോധനത്തിനും, നിയന്ത്രണത്തിനും, അച്ചടക്കത്തിനും;

(viii) അങ്ങനെയുള്ള അന്തേവാസികളെ സന്ദർശിക്കുന്നതിനും അവരുമായി സമ്പർക്കം പുലർത്തുന്നതിനും;

(ix) സംരക്ഷണാലയങ്ങളിലോ ദുർഗുണപരിഹാര സ്ഥാപനങ്ങളിലോ തടങ്കലിൽ സൂക്ഷിക്കാൻ ശിക്ഷിക്കപ്പെട്ട സ്ത്രീകളേയും പെൺകുട്ടികളേയും, അങ്ങനെയുള്ള ആലയങ്ങളിലേയ്ക്കോ സ്ഥാപനങ്ങളിലേയ്ക്കോ അയയ്ക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുന്നതുവരെ താല്ക്കാലികമായി തടങ്കലിൽ വയ്ക്കുന്നതിനും;

(x) ഒരു അന്തേവാസിയെ—

(ക) ഒരു സംരക്ഷണാലയത്തിൽനിന്നു മററൊന്നിലേയ്ക്കോ അല്ലെങ്കിൽ ഒരു ദുർഗുണപരിഹാരസ്ഥാപനത്തിലേയ്ക്കോ

(ഖ) ഒരു ദുർഗുണപരിഹാരസ്ഥാപനത്തിൽനിന്നു മററൊന്നിലേയ്ക്കോ ഒരു സംരക്ഷണാലയത്തിലേയ്ക്കോ 21-ാം വകുപ്പ് (9ക) വകുപ്പിൻകീഴിൽ സ്ഥലം മാററുന്നതിനും;

(xi) ഒരു വിധത്തിലും നന്നാക്കാൻ സാദ്ധ്യമല്ലാത്തതായോ സംരക്ഷണാലയത്തിലേയോ, ദുർഗുണപരിഹാരസ്ഥാപനത്തിലേയോ മററുള്ള അന്തേവാസികളിൽ ദുസ്സ്വാധീനം ചെലുത്തുന്നതായോ കാണുന്ന സ്ത്രീയേയോ പെൺകുട്ടിയേയോ ഒരു സംരക്ഷണാലയത്തിൽ നിന്നോ ദുർഗുണപരിഹാരസ്ഥാപനത്തിൽനിന്നോ കോടതിയുടെ ഉത്തരവനുസരിച്ച് ജയിലിലേയ്ക്ക് മാററുന്നതിനും അങ്ങനെയുള്ള ജയിലിൽ അവർക്കുള്ള തടങ്കൽ കാലാവധിക്കും;

(xii) 7-ാം വകുപ്പിൻേറയോ 8-ാം വകുപ്പിൻെറയോ കീഴിൽ ശിക്ഷിക്കപ്പെട്ട സ്ത്രീകളേയോ പെൺകുട്ടികളേയോ സംരക്ഷണാലയത്തിലേയ്ക്കോ ദുർഗുണപരിഹാര സ്ഥാപനത്തിലേയ്ക്കോ മാററുന്നതിനും, അങ്ങനെയുള്ള ആലയത്തിൽ അവർക്കുള്ള തടങ്കൽ കാലാവധിക്കും;

(xiii) നിരുപാധികമായോ സോപാധികമായോ ഒരു സംരക്ഷണാലയത്തിൽനിന്നോ ദുർഗുണപരിഹാരസ്ഥാപനത്തിൽ നിന്നോ അന്തേവാസികളെ വിട്ടയയ്ക്കുന്നതിനും അങ്ങനെയുള്ള വ്യവസ്ഥകൾ ലംഘിക്കുന്ന സന്ദർഭത്തിൽ അവരെ അറസ്ററു ചെയ്യുന്നതിനും;

(xiv) ഹ്രസ്വകാലത്തേക്ക് അവിടം വിട്ടുപോകുന്നതിനുള്ള അനുവാദം അന്തേവാസികൾക്ക് നൽകുന്നതിനും;

(xv) സ്ത്രീകളേയോ പെൺകുട്ടികളേയോ സൂക്ഷിക്കുകയോ, തടങ്കലിൽ വയ്ക്കുകയോ, സംരക്ഷിക്കുകയോ ചെയ്യാവുന്ന സംരക്ഷണാലയങ്ങളും, ദുർഗുണപരിഹാരസ്ഥാപനങ്ങളും മററു സ്ഥാപനങ്ങളും പരിശോധിക്കുന്നതിനും;

(ജ) നിർണ്ണയിക്കേണ്ടതോ നിർണ്ണയിക്കാവുന്നതോ ആയ മറേറതെങ്കിലും വിഷയത്തിനും;

വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പ് (ഘ) ഖണ്ഡത്തിൻേറയോ (ഛ) ഖണ്ഡത്തിൻേറയോ കീഴിലുള്ള ഏതെങ്കിലും ചട്ടം ഉണ്ടാക്കുന്നതിൽ സ്റേററു ഗവൺമെൻറിന് അതിൻെറ ലംഘനത്തിന്, ഇരുന്നൂററിയമ്പത് രൂപയോളമാകാവുന്ന പിഴ നൽകി ശിക്ഷിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്.

(4) ഈ ആക്ററിൻകീഴിലുണ്ടാക്കിയ എല്ലാ ചട്ടങ്ങളും, അവയുണ്ടാക്കിയതിനുശേഷം ആകാവുന്നത്ര വേഗത്തിൽ, സ്റേററ് നിയമസഭാമണ്ഡലത്തിൻെറ മുമ്പാകെ വയ്ക്കേണ്ടതാണ്.

24. ഈ ആക്ററിലുള്ള യാതൊന്നും, ബാലാപരാധികളെ സംബന്ധിച്ച ദുർഗുണപരിഹാരശാലകൾ ആക്ററ് 1897 ലേയോ മേൽപറഞ്ഞ ആക്ററ് രൂപഭേദപ്പെടുത്തിക്കൊണ്ടോ അല്ലെങ്കിൽ മററുവിധത്തിലോ അധിനിയമം ചെയ്യപ്പെട്ട ഏതെങ്കിലും സ്റേററു ആക്ററിലേയോ വ്യവസ്ഥകൾക്ക് ന്യൂനത വരുത്തുന്നതാണെന്നു അർത്ഥം കൽപിക്കാൻ പാടുള്ളതല്ല. ഈ ആക്ററ് മററു ചില ആക്ററുകൾക്ക് ന്യൂനത വരുത്തുന്നതല്ലെന്ന്. (1897-ലെ 8)

25. (1) ഈ ആക്ററിലെ 1-ാം വകുപ്പു അല്ലാത്ത വ്യവസ്ഥകൾ ഏതെങ്കിലും സ്റേററിൽ പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ, സ്ത്രീകളിലും പെൺകുട്ടികളിലുമുള്ള വ്യഭിചാര വ്യാപാരം തടയുന്നതോ അല്ലെങ്കിൽ വേശ്യാവൃത്തി തടയുന്നതോ സംബന്ധിച്ച് അങ്ങനെയുള്ള തീയതിക്ക് തൊട്ടുമുൻപ് ആ സ്റേററിൽ പ്രാബല്യത്തിലിരുന്ന എല്ലാ സ്റേററ് ആക്ററുകളും റദ്ദാക്കപ്പെട്ടതായിത്തീരുന്നതാണ്. റദ്ദാക്കലും ഒഴിവാക്കലുകളും.

(2) (1)-ാം ഉപവകുപ്പിൽ പരാമർശിച്ച ഏതെങ്കിലും സ്റേററ് ആക്ററു സംബന്ധിച്ച് ഈ ആക്ററിനാലുള്ള റദ്ദാക്കൽ എന്തുതന്നെയായാലും, അങ്ങനെയുള്ള സ്റേററു ആക്ററിലെ വ്യവസ്ഥകളിൻകീഴിൽ ചെയ്ത ഏതെങ്കിലുമോ

അല്ലെങ്കിൽ എടുത്ത ഏതെങ്കിലും നടപടിയോ നൽകിയ ഏതെങ്കിലും നിർദ്ദേശമോ ഉണ്ടാക്കിയ ഏതെങ്കിലും രജിസ്ററോ, ചട്ടമോ ഉത്തരവോ, ചുമത്തിയ ഏതെങ്കിലും നിയന്ത്രണമോ ഉൾപ്പെടെ അങ്ങനെയുള്ള എന്തെങ്കിലുമോ നടപടിയോ ഈആക്ററിലെ വ്യവസ്ഥകളോടു അസംഗതമല്ലാത്തിടത്തോളം മേൽപറഞ്ഞ വ്യവസ്ഥകൾ അങ്ങനെയുള്ള എന്തെങ്കിലും ചെയ്യുകയും അങ്ങനെയുള്ള നടപടി എടുക്കുകയും ചെയ്തപ്പോൾ പ്രാബല്യത്തിലിരുന്നിരുന്നാലെന്നപോലെ ഈ ആക്ററിലെ വ്യവസ്ഥകളിൻ കീഴിൽ ചെയ്തതോ എടുത്തതോ ആയി കരുതപ്പെടേണ്ടതും, ഈ ആക്ററിൻകീഴിൽ ചെയ്ത എന്തെങ്കിലും കാര്യത്താലോ എടുക്കുന്ന ഏതെങ്കിലും നടപടിയാലോ ഉല്ലംഘിക്കപ്പെടുത്തുന്നതുവരെ അതനുസരിച്ചു പ്രാബല്യത്തിൽ തുടരുന്നതുമാകുന്നു.

വിശദീകരണം.—ഈ വകുപ്പിൽ 'സ്റേററു ആക്റ്റ്'' എന്ന പദപ്രയോഗത്തിൽ ഒരു ''പ്രവിശ്യാ ആക്റ്റ്'' ഉൾപ്പെടുന്നതാകുന്നു.

## പട്ടിക

[2 (ഗ) വകുപ്പു നോക്കുക]

| വകുപ്പു | അധികാരങ്ങൾ പ്രയോഗിക്കുന്നതിനു ക്ഷമതയുള്ള മജിസ്ട്രേററ് |
|---|---|
| 7 (1) | ജില്ലാ മജിസ്ട്രേററ്. |
| 11 (4) | മഹാനഗര മജിസ്ട്രേററോ ഒന്നാംക്ലാസ് ജൂഡിഷ്യൽ മജിസ്ട്രേററോ. |
| 12 (4) | മഹാനഗര മജിസ്ട്രേററോ ഒന്നാംക്ലാസ് ജൂഡിഷ്യൽ മജിസ്ട്രേററോ. |
| 15 (5) | മഹാനഗര മജിസ്ട്രേററോ, ഒന്നാംക്ലാസ് ജൂഡിഷ്യൽ മജിസ്ട്രേററോ ജില്ലാ മജിസ്ട്രേററോ സബ്ഡിവിഷണൽ മജിസ്ട്രേററോ. |
| 16. | മഹാനഗര മജിസ്ട്രേററോ ഒന്നാംക്ലാസ് ജൂഡിഷ്യൽ മജിസ്ട്രേററോ, ജില്ലാ മജിസ്ട്രേററോ സബ്ഡിവിഷനൽ മജിസ്ട്രേററോ. |
| 18. | ജില്ലാ മജിസ്ട്രേററോ സബ് ഡിവിഷണൽ മജിസ്ട്രേററോ. |
| 19. | മഹാനഗര മജിസ്ട്രേററോ ഒന്നാംക്ലാസ് ജൂഡിഷ്യൽ മജിസ്ട്രേററോ ജില്ലാ മജിസ്ട്രേററോ സബ്ഡിവിഷണൽ മജിസ്ട്രേറോോ. |
| 20. | ജില്ലാ മജിസ്ട്രേററോ സബ്ഡിവിഷണൽ മജിസ്ട്രേററോ സ്റേററ് ഗവൺമെൻറ് പ്രത്യേകം അധികാരപ്പെടുത്തുന്ന ഏതെങ്കിലും എക്സിക്യൂട്ടീവ് മജിസ്ട്രേററോ. |
| 22 ഖ | മഹാനഗര മജിസ്ട്രേററോ ഒന്നാംക്ലാസ് ജൂഡിഷ്യൽ മജിസ്ട്രേററോ. |